# എസ് എൻ ഡി പി എച്ച് എസ് എസ് വെൺകുറിഞ്ഞി

## പത്തനംതിട്ട

**ഒരു ലിറ്റിൽ കൈറ്റ് സംരംഭം**



# "ഹരിശ്രീ....”





# CERTIFICATE OF REGISTRATION

GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

## Certificate of Registration

REGISTRATION No. **LK/2018/38077**

*This is to certify and grant approval to*

**38077 - S.N.D.P.H.S.S Venkurunji, Pathanamthitta (DEO)**

*of* **Pathanamthitta** *District as a unit of* LITTLE KITEs.


Office Seal

ANVAR SADATH. K
Vice Chairman & Executive Director

## Objectives of Little KITES Programme

1. *To encourage the natural interest of students in ICT field to create a culture for appropriate usage of technology and software*
2. *To provide an opportunity for students to learn the different perspectives of ict tools so as to make use of them for their learning activities*
3. *To ensure participation of students in the usage and upkeeping on ICT equipment*
4. *To empower students to undertaken technical issues of ICT*
5. *To enrich students on proper and safe interest usage and cyber security and also to inculture the importance of language computing*


## മാർഗ്ഗദീപമേ നയിച്ചാലും..................





little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
വിവിധ പരിശീലനങ്ങൾ
വിദഗ്ധരുടെ ക്ലാസുകൾ
ഇൻഡസ്ട്രിയൽ വിസിറ്റുകൾ
ക്യാമ്പുകൾ
അനിമേഷൻ
പ്രോഗ്രാമിങ്
മൊബൈൽ ആപ്പ് നിർമ്മാണം
ഗ്രാഫിക് ഡിസൈനിങ്
മലയാളം കമ്പ്യൂട്ടിങ്
ഹാർഡ്‌വെയർ
ഇലക്ട്രോണിക്സ്
റോബോട്ടിക്സ്
സൈബർ സുരക്ഷ
വെബ് ടി.വി
മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ
യൂണിറ്റ് ആരംഭിക്കാൻ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം
അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ഫെബ്രുവരി 24
ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ
വിശദവിവരങ്ങൾക്ക് www.kite.kerala.gov.in സന്ദർശിക്കുക
കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്),
പൂജപ്പുര, തിരുവനന്തപുരം 12, ഫോൺ 0471 2529800, ഫാക്സ് 2529810
contact@kite.kerala.gov.in

## പ്രിൻസിപ്പൽ



**ശ്രീമതി. രാജശ്രീ.ബി**

**സന്ദേശം**

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജമാക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് കഴിയുന്നു. ഹൈടെക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യ അധിഷ്ഠിതമായതോടെ അധ്യാപകർക്കൊപ്പം വിദ്യാർത്ഥികളും പങ്കാളികളാകുന്നു . സോഫ്റ്റ്‌വെയറും ഇൻറർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാദിത്വമുള്ള സാമൂഹ്യജീവി എന്ന നിലയിൽ, പാലിക്കേണ്ട കടമകളും ,ആർജിക്കേണ്ട മൂല്യബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കാൻ ഈ യൂണിറ്റ് ലൂടെ സാധ്യമാകുന്നു.

ഈ കലാലയത്തിലെ 'ലിറ്റിൽ കൈറ്റ് ' യൂണിറ്റിന്റെ പ്രവർത്തനം ദിശാബോധത്താലും അർപ്പണബോധത്താലും പൂരിതമാണ്. സത് പ്രവർത്തനങ്ങൾക്ക് ആയിരം ആശംസകൾ.

## ഹെഡ്മാസ്റ്റർ ........



**ശ്രീ. സന്തോഷ് വി കുട്ടപ്പൻ**

### " സന്ദേശം"

ലിറ്റിൽ കൈറ്റ് യൂണിറ്റിലെ പ്രിയ കുട്ടികളേ ,

നിങ്ങൾ ഒരുക്കിയ കൈറ്റ് മാഗസിന് ഹൃദ്യമായ ആശംസകൾ . ഈ വിദ്യാലയ വർഷത്തെ കൈറ്റ് യൂണിറ്റ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് നിങ്ങൾ രൂപം കൊടുത്ത കൈറ്റ് മാഗസിൻ . വിദ്യാർത്ഥികളുടെ സർഗാത്മക ആവിഷ്കാരങ്ങളാണല്ലോ യഥാർത്ഥത്തിൽ ഒരു മാഗസിന്റെ ഉള്ളടക്കം എന്നു പറയുന്നത് . എന്നാൽ കൈറ്റ് യൂണിറ്റിലെ വിദ്യാർത്ഥികളുടെ കരസ്പർശത്തിലൂടെ അത് മലയാളം കംമ്പ്യൂട്ടിംഗിന്റെയും , എഡിറ്റിംഗിന്റെയുമൊക്കെ ഒരു വിസ്മയ പഠനപ്രവർത്തനം കൂടിയായി മാറുന്നു. ഇത്തരത്തിൽ അറിവുകളുടെ സ്വാംശീകരണവും അതിന്റെ ആവിഷ്ക്കാരവും ഒരു പോലെ സാദ്ധ്യമാക്കുന്ന കൈറ്റ് മാഗസിൻ യൂണിറ്റിലെ അംഗങ്ങൾക്കും വിദ്യാലയത്തിനും അഭിമാനവും ആഹ്ളാദവും നൽകുന്നതാണ്. നിങ്ങളുടെ ഈ കൂട്ടായ്മ ഏറ്റവും കാര്യക്ഷമമായ പഠനമേഖലകൾ പ്രാപ്തമാക്കണമെന്ന് പ്രാർത്ഥിച്ചു കൊണ്ട് എല്ലാവർക്കും എന്റെ നല്ല ആശംസകൾ......

# Table of Contents


എഡിറ്റേസ് ഡസ്ക്..........10
..........11
ലിറ്റിൽ കൈറ്റ്..........11
ഇതു ഞങ്ങൾ..........14
ഞങ്ങളുടെ സ്കൂളിനെകുറിച്ച് അല്പം..........18
ദൈവദശകം..........20
ആകാശ യാത്രികർ..........22
പുലരി..........24
ഉപായത്തിൽ അപായം -..........25
"ഒരു കൊച്ചു ബാലന്റെ കഥ"..........26
നമ്മുടെ ഭൂമി..........27
വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ..........28
അഭിനന്ദനങ്ങൾ..........30
വൈക്കം മുഹമ്മദ് ബഷീർ {1908-1994}..........34
പൂമ്പാറ്റ..........35
തിരിച്ചറിയൽ കാർഡ്..........36
അങ്ങാടിക്കുന്നിലെ ആട്ടിൻകുട്ടങ്ങൾ..........37
സിവി രാമൻ ഒരു വ്യക്തിയും ശാസ്ത്രപ്രതിഭയും..........38
മഴ..........39
..........40
സമയവും അളവുകളും..........40
മീനുകൾ..........41
ഞങ്ങൾ ലാബിൽ..........42
അക്ഷരങ്ങൾക്കായി ഒരു ജീവിതം -..........43
പരിസ്ഥിതി പ്രശ്നങ്ങൾ..........44
..........46
വായനാദിന വചനങ്ങൾ..........46
വായന..........47
ഉരുളയ്ക്കുപ്പേരി..........48
" എൻ കലാലയത്തിൻ പടിയിറക്കം "..........49
MY DREAMS..........50
പ്രളയം..........51
പഴഞ്ചൊല്ലുകൾ..........53
മൊഴി മുത്തുകൾ..........54
ക്ലാസ്സ്മുറിയിലെ കുഞ്ഞിപ്രാവ്..........55
..........56

ദിക്കുകൾ നാല്.......................................................................................................................56
പാറിപ്പറക്കുന്ന ചെമ്പരുത്ത് ....................!..........................................................................56
കലമാൻ....................................................................................................................................57
ബുദ്ധിമാനായ ബീർബൽ.........................................................................................................58
ഗാന്ധിവചനങ്ങൾ.....................................................................................................................59
ഒരു കുടന്ന വെളിച്ചമായ്.........................................................................................................60
ചുണ്ടെലിയുടെ ഉപകാരം.........................................................................................................62
വിദ്യ ധനം സർവ്വ ധനങ്ങളിലും പ്രധാനമാണ്.........................................................................63
PROVERBS............................................................................................................................64
ജൂലൈ 21 ന് ചാന്ദ്ര ദിനം.........................................................................................................65
അമ്മമ്മ പകർന്ന ചൊല്ലുകൾ....................................................................................................66
ഫ്രീ സോഫ്റ്റ് വെയറിന്റെ പ്രാധാന്യവും പ്രസക്തിയും..............................................................67
നന്ദി.........................................................................................................................................68

## എഡിറ്റേഴ്സ് ഡസ്ക്

**ദശാബ്ദങ്ങൾക്ക് മുൻപ് ....**
**കായികമായി അദ്ധ്വാനിച്ച കാട് നാടക്കിയ ....**
**മനുഷ്യരുടെ വിയർപ്പു വീണ ഗ്രാമം.....**
**വെൻകുറിഞ്ഞി.....**
**പുറംലോകം എത്രമാറിയിട്ടും ...**
**എളിമയുടെയും സ്നേഹത്തിന്റെയും സ്വത്ത ചോർന്നുപോകാതെ ഇവിടെ ഇന്നും നിലകൊള്ളുന്നു......**
**കാലം ടെക്നോളജിയുടെ മാസ്മരികയക്ക് വഴിമറിയപ്പോഴും... പ്രകൃതിദേവിക്കു നിർവികാരയാകാനെ കഴിഞ്ഞുള്ളൂ...**
**കമ്പ്യൂട്ടർ ഗെയിമുകളും മൊബൈലുകളും...**
**നിയന്ത്രിക്കുന്ന ലോകത്തു മനുഷ്യന്റെ സത്തയും ... അതിനാനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നു...**
**ഈ ആധുനിക ലോകത്തു പുതിയ പുതിയ കണ്ടുപിടുത്തങ്ങളുടെ കൂടെ..**
**എല്ലാറ്റിനെയും സങ്കരങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്ന ..ഈ ലോകത്തിൽ വിശുദ്ധിയുടെ മൂല്യവും ഭംഗിയും അനുഭവിച്ചറിയാൻ ഭാഗ്യം ലഭിക്കാതെ പോകുന്ന ഒരു തലമുറയുടെ ആവിർഭാവം അതി വിദൂരമല്ല...**

**ഹൃദയപൂർവ്വം....**

**എഡീറ്റേഴ്സ്**
**ലിറ്റിൽ കൈറ്റ് അംഗങ്ങൾ**

| | | |
|---|---|---|
| **ചീഫ് എഡിറ്റർ** | **:** | **ഹെഡ്മാസ്റ്റർ** |
| **സ്റ്റാഫ് എഡ്റ്റർ** | **:** | **കൈറ്റ് മിസ്റ്ററസ്** |
| **എഡിറ്റേസ്** | **:** | **ലിറ്റിൽ കൈറ്റ് അംഗങ്ങൾ** |
| **പ്രസദ്ധികരണ തിയതി** | **:** | **2019 ജനുവരി 16** |
| **പ്രസദ്ധികരണ സ്ഥലം** | **:** | **വെൺകുറിഞ്ഞി** |

ലിറ്റിൽ കൈറ്റ്സ്



പ്രവർത്തന പദ്ധതി രൂപരേഖ

## ലിറ്റിൽ കൈറ്റ്

**പ്രവർത്തന പദ്ധതി രൂപരേഖ ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവറുകൾ നിർവ്വഹിക്കുന്നു. ബഹു.വിദ്യാഭ്യസവകുപ്പ് മന്ത്രി ശ്രീ.രവീന്ദ്രനാഥ് അവറുകൾ സമീപം..**

അറിവ് മറ്റൊരാളിൽനിന്ന് അന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണ് എന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. അതിൻറെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവിനപ്പുറം അധ്യാപകരുടെയും, വിദ്യാർത്ഥിയുടെയും ,സജീവവും ,സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ,ശിശു കേന്ദ്രീകൃതവും ആയ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. സ്വയം പഠിക്കുകയും ഒപ്പം പാഠ്യ വസ്തുവിൽ അവബോധവും ,താൽപര്യവും ,അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയ അന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നത് ഇത്തരത്തിൽ അത്യാവശ്യമാകുന്നു .വിവരവിനിമയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായി ഉപയോഗിക്കാൻ അഭിരുചിയുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാനാണ് നാം ശ്രമിക്കുന്നത്.

വിദ്യാലയ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും ,നടത്തിപ്പിലും ,സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർഥികളെ കൂടി സമുചിതമായി പങ്കാളികൾ ആക്കേണ്ടത് ആ പ്രവർത്തനങ്ങളുടെ ഫലപ്രദവും വിജയകരമായ നടത്തിപ്പിന് അനുപേക്ഷണീയമാണ് . ഹൈടെക് സംവിധാനത്തിൽ പഠന പ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യ അധിഷ്ഠിതം ആകുന്നതോടെ അധ്യാപകർക്കൊപ്പം തന്നെ പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും ,നടത്തിപ്പിലും, വിദ്യാർത്ഥികളും പങ്കാളികളാകുന്നത് നല്ലതായിരിക്കും .അത് സാധ്യമാകണമെങ്കിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും, വിഭവങ്ങളുടെ നിർമ്മാണത്തിനും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു കുട്ടികൾ വിദ്യാലയത്തിൽ തന്നെ സജ്ജരാകേണ്ടതുണ്ട് .

കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗം വിവര വിനിമയ വിവരവിനിമയ സംവേദന ഉപകരണങ്ങളെ ഉപ ജീവിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താൽപര്യവും ,അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും ,പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ബോധപൂർവമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു എന്നതാണ് അവസ്ഥ .ഉപജീവനത്തിന് ഭാഗമായി നിർമ്മിച്ചെടുക്കുന്ന വയല്ലാതെ അമച്വർ തലത്തിലുള്ള ഐസിടി ഉൽപ്പന്നങ്ങൾ കേരളത്തിൽ നിന്നും ഉണ്ടാകാതിരിക്കുന്നതിന് പ്രധാനകാരണമാണ് .സ്വതന്ത്ര സോഫ്റ്റ്വെയർ കൂട്ടായ്മയിൽ രൂപം കൊണ്ട ജിമ്പ് പോലുള്ള പല പ്രശസ്ത സോഫ്റ്റ്വെയറുകളും ഇത്തരത്തിലുള്ള നിർമിതിയായിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ് .

മത്സര പരീക്ഷകളുടെ രീതികൾക്കും സംവിധാനങ്ങൾക്കും അനുസരിച്ച് കുട്ടികൾ സ്വയം ക്രമീകരിക്കുമ്പോൾ പ്രാഥമികമായ യുക്തിചിന്ത ,അന്വേഷണ ക്ഷമത എന്നിവ നഷ്ടപ്പെട്ട പോകുന്നതായി കാണാം .വിവരവിനിമയ സാങ്കേതികവിദ്യ ലോകത്ത് ,വിവരങ്ങളുടെ കുത്തൊഴുക്കിൽ ചുറ്റും കാണുന്ന സാങ്കേതിക നിർമ്മിതികൾ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന് അന്വേഷിക്കാനുള്ള ആകാംക്ഷ പോലും നമുക്ക് നഷ്ടപ്പെടുന്നുണ്ട് .ചുറ്റുപാടും കാണുന്നതെല്ലാം എങ്ങനെ ഉണ്ടായി എന്നോ ,എങ്ങനെ പ്രവർത്തിക്കുന്നു എന്ന അന്വേഷണമാണ്.

ശാസ്ത്രബോധം വളർത്തുന്നത് എന്നതും നമുക്ക് ഇവിടെ ഓർമ്മിക്കാം .കുട്ടികൾ ദിനേന കാണുകയും ഉപയോഗിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ഇൻറർനെറ്റ് ,മൊബൈൽ ആപ്പുകൾ ,സോഫ്റ്റ്‌വെയറുകൾ അനിമേഷനുകൾ, ഗെയിമുകൾ ,തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയ ലോകത്തെ ശാസ്ത്ര അന്വേഷണപരിധിയിൽ വരേണ്ടവ തന്നെയാണ് .ഇത്തരത്തിൽ സോഫ്റ്റ്‌വെയറുകളും ഇൻറർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാദിത്വമുള്ള സാമൂഹ്യജീവി എന്ന നിലയിൽ പാലിക്കേണ്ട കടമകളും ,ആർജിക്കേണ്ട മൂല്യ ബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതും വിവരവിനിമയ സാങ്കേതികവിദ്യ പഠനത്തിൽ അത്യാവശ്യമാണ് .

ഏതൊരു പ്രാദേശിക ഭാഷയും ജീവിക്കുന്നതും വളരുന്നതും ഉപയോഗിക്കുന്നവർ നിത്യ ജീവിജീവിതത്തിന്റെയും സാങ്കേതികവിദ്യയുടെയും ,സമസ്ത തലങ്ങളിലേക്കും അവരുടെ ഭാഷയെ വളർത്തിയെടുക്കുമ്പോളാണ് .അതിനാൽ തന്നെ പ്രാദേശിക ഭാഷാ കമ്പ്യൂട്ടിങ്ങ് അവബോധം ,താല്പര്യമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനു സുപ്രധാനമാണ്

സാഹചര്യങ്ങളും ,ആവശ്യങ്ങളും മുന്നിൽ കണ്ട് വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവും ഉള്ള ഒരു സംഘം കുട്ടികളെ രൂപപ്പെടിത്തിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ വിദ്യാലയങ്ങൾ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടത്തിവരുന്ന .ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന് പേരിട്ടിരുന്ന ഈ പ്രവർത്തനങ്ങളെ കൂടുതൽ വ്യാപ്തി യോടെ ചിട്ടപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് എന്നപേരിൽ പുനർ നിർണയിക്കുന്നു .

## ലക്ഷ്യങ്ങൾ

. * വിവര വിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപര്യത്തെ പരിപോഷിപ്പിക്കുക .സാങ്കേതികവിദ്യയും, സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും ,സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക .

* വിവര വിനിമയ സങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക. അവ നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാന ആശയങ്ങളും, അവയുടെ പ്രവർത്തന പദ്ധതിയുടെ യുക്തിയും പരിചയപ്പെടുത്തുക .

*വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും, നടത്തിപ്പും,പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക. സാങ്കേതികവിദ്യ അധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക .ഉപകരണങ്ങൾക്ക് ഉണ്ടാകാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക .

സുരക്ഷിതവും യുക്തവും മാന്യവുമായ ഇൻറർനെറ്റ് ഉപയോഗം ,സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികൾ നേതൃപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.

# ഇതു ഞങ്ങൾ

കൈറ്റ് മിസ്ട്രസ്



ശ്രീമതി. ബിന്ദു കെ പി

കൈറ്റ് മിസ്ട്രസ്



ശ്രീമതി . രേഖ പി രാജൻ


## ലിറ്റിൽ കൈറ്റ് അംഗങ്ങൾ



അദ്വൈത് കെ സുനിൽ



അദ്വൈത് പി സന്തോഷ്



ആൽബിൻ ജോൺ



ആൽബിൻ ജോസഫ്



അനന്ത്ജു കുമാർ പി വി



അനന്ദു അനിൽ



**അനിരുദ്ധ് ഇ എസ്**



**ബെസ്റ്റിൻ പി ബിനോയ്**



**ബിച്ചു ബിജു**



**എഡ്വിൻ വർക്കി**



**ജസീം അബുബക്കർ**



**ജസ്റ്റിൻ ജോൺ**



**കിരൺ ഇ കെ**



**മനു മനോജ്**



**രാഹുൽ രവി**







സിദ്ധാർഥ് ജയകുമാർ

സൂരജ് പ്രസന്നൻ

വിനീഷ് വിനോദ്







അഞ്ജന രാജി

അപർണ രാമചന്ദ്രൻ

ആതിര പി എ



നിത്യ ബാബു

## ഞങ്ങളുടെ സ്കൂളിനെകുറിച്ച്

എസ്എൻഡിപി എച്ച്എസ്എസ് വെൺകുറിഞ്ഞി പത്തനംതിട്ട ജില്ലയിൽ എരുമേലിക്ക് അടുത്ത് വെൺകുറിഞ്ഞി എന്ന മലയോര ഗ്രാമത്തിൽ ആളുകളുടെ ആശയും അത്താണിയുമായി എസ്എൻഡിപി യോഗം കോർപ്പറേറ്റ് മാനേജ് മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ .അനേകായിരങ്ങളെ അക്ഷര വഴിയിലൂടെ നടത്തി ജീവിത വിജയത്തിലേക്ക് കൈപിടിച്ച് നടത്തിയ അറിവിൻറെ ഇ കേദാരം." വിദ്യാധനം സർവ്വധനാൽ പ്രധാനം "എന്ന ആപ്തവാക്യത്തെ അന്വർത്ഥമാക്കുമാറതിന്റെ പ്രവർത്തനം തുടരുന്നു

### ചരിത്രം

വിദ്യകൊണ്ടു പ്രബുദ്ധരാകാൻ ആഹ്വാനംചെയ്ത നവോത്ഥാന നായകനും മതേതര വിപ്ലവകാരിയുമായ ശ്രീനാരായണ ഗുരുദേവന്റെ സന്ദേശത്തെ ഉയർത്തിപിടിക്കാൻ 1954 ഒരു പ്രൈമറി സ്കൂളായി സ്ഥാപിതമായ ഈ സരസ്വതി വിദ്യാലയം വെൺകുറിഞ്ഞിയുടെ സമീപ പ്രദേശങ്ങളായ മുക്കൂട്ടുതറ, കൊല്ലമുള ചാത്തൻതറ, കുറുമ്പൻമൂഴി, വെച്ചൂച്ചിറ ,എലിവാലിക്കര ,പാണപിലാവ് ,പമ്പാവാലി ,ഇടകടത്തി , എരുമേലി എന്നിവിടങ്ങളിൽ സാധാരണക്കാരായ കുട്ടികൾക്ക് അറിവിനെ തരിവെട്ടം നൽകാൻ ഈ വിദ്യാലയമാണ് ഉപകരിച്ചത്. ഈ സ്കൂൾ സ്ഥാപിക്കാൻവേണ്ടി ചുക്കാൻ പിടിച്ചത് അന്നത്തെ എസ്എൻഡിപി യോഗം പ്രസിഡണ്ട് ആയിരുന്ന ശ്രീ കെ നാണു കളത്തിൽ ആയിരുന്നു. 1957 ഹൈസ്കൂളായും ,1998 ഹയർ സെക്കൻഡറിയും ,എസ്എൻഡിപി യോഗം കോർപ്പറേറ്റ് മാനേജർ കീഴിൽ വളർച്ചയുടെ പടവുകൾ താണ്ടി നമ്മുടെ വിദ്യാലയം തലയുയർത്തി നിൽക്കുകയാണ്.

### ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത് .ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ,ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 9 ക്ലാസ് മുറികളുമുണ്ട് .അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട് .ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 20 കമ്പ്യൂട്ടറുകളുണ്ട് .രണ്ട് ലാബുകളിൽ ബ്രോഡ്ബാൻഡ് സൗകര്യം ലഭ്യമാണ്.

### പാഠ്യേതര പ്രവർത്തനങ്ങൾ

സ്കൗട്ട് ആൻഡ് ഗൈഡ് ,വിദ്യാരംഗം കലാസാഹിത്യവേദി ,ക്ലബ്ബ് പ്രവർത്തനങ്ങൾ, സയൻസ് ക്ലബ്ബ്, ഐടി ക്ലബ്ബ്, മാത്സ് ക്ലബ്ബ് , സാമൂഹ്യശാസ്ത്ര ക്ലബ്ബ് , ജൂനിയർ റെഡ് ക്രോസ്,

### മാനേജ്മെൻറ്

എസ്എൻഡിപി യോഗം കോർപ്പറേറ്റ് മാനേജ്മെന്റ് ഈ വിദ്യാലയത്തിലെ ഭരണം നടത്തുന്നത്. എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി ശ്രീ വെള്ളാപ്പള്ളി നടേശൻ ജനറൽ മാനേജറായും , ശ്രീ സി പി സുദർശനൻ വിദ്യാഭ്യാസ സെക്രട്ടറിയായും പ്രവർത്തിക്കുന്നു .ശ്രീമതി രാജശ്രീ ബി വിദ്യാലയത്തിലെ പ്രിൻസിപ്പലായും ,ശ്രീ സന്തോഷ് വി കുട്ടപ്പൻ പ്രധാന അധ്യാപകനായും പ്രവർത്തിക്കുന്നു.

# ദൈവദശകം

ശ്രീനാരയണ ഗുരു



ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം.........

ഒന്നൊന്നായെണ്ണിയെണ്ണിത്ത-
ട്ടെണ്ണം പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണ.........

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ച ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.........

ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം........

നീയല്ലോ സൃഷ്ടിയും സൃഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും........

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും.......

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.......

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക.......

ജയിയ്ക്കുക മഹാദേവ,
ദീനവന പരായണാ,
ജയിയ്ക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിയ്ക്കുക........

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം

............................

## ആകാശ യാത്രികർ




### കൽപന ചൗള

ബഹിരകാശത്തെത്തിയ ആദ്യ ഇന്ത്യൻ വംശജയാണ് കൽപനചൗള. 1997 നവംബർ 19 നാണ് കൽപന ആദ്യബഹിരകാശയാത്ര നടത്തിയത്. രണ്ടാം യത്രയിൽ അമേരിക്കൻ ബഹിരാകാശഏജൻസിയായ നാസയുടെ കൊളമ്പിയ എന്ന സ്പേസ് ഷട്ടിൽ പൊട്ടിത്തെറിച്ച് അവർ മരിച്ചു.

കൽപനചൗള രണ്ടാം യത്രയിൽ ബഹിരാകാശത്ത് 16 ദിവസം തങ്ങി.



### സുനിത വില്യംസ്

ബഹിരാകാശത്ത തുടർച്ചയായി ഏറ്റവുമധികംനാൾ കഴിഞ്ഞ വ്യക്തിയാണ് ഇന്ത്യൻവംശജയായ സുനിത വില്യംസ്.നാല് തവണ സുനിത ബഹിരാകാശത്ത് നടന്നു.2006 ഡിസംബർ

10 ന് 'മിഷൻ സ്പെഷലിസ്റ്റ് എന്ന നിലയിൽ ഡിസ്കവറി വാഹനത്തിൽ ബഹിരാകാശനിലയത്തിലെക്ക് തിരിച്ചു. അറ്റ്ലാന്റിസ് വാഹനത്തിൽ തിരിച്ചെത്തി.



സിദ്ധാർഥ് ജയകുമാർ

IX A

## പുലരി

" സന്തോഷത്തിന്റെ ലോകം
പൂക്കളാൽ നിറയും സുഗന്ധം ഞാൻ അറിയുന്നു
കാറ്റിൽ ഇളകുന്ന ഇലകളുടെ മർമ്മര ശബ്ദം
ഞാൻ കേൾക്കുന്നു

കിളികൾ പാടുന്ന മധുര മനോഹരമായ
പാട്ട് ഞാൻ കേൾക്കുന്നു
പ്രഭാത സൂര്യൻ എന്നെ ഉണർത്തുന്നു
പുലരിയിൽ തളിരിലകളിൽ വീഴുന്ന മഞ്ഞികണം

പ്രഭാതത്തിൽ എൻ മനം കുളിരുന്നു
എത്ര വർണ്ണിച്ചാലും മതിയാവാത്ത എത്രയോ
സ്നേഹ സുന്ദരി എൻ പുലരി
എൻ പ്രകതിയെ ഞാൻ സ്നേഹക്കുന്നു."



കൃതിയ കൃപേഷ് V ബി

**ചെറുകഥ .....**




## ഉപായത്തിൽ അപായം -

പൊക്കമുള്ള ഒരു വൃക്ഷത്തിന്റെ മുകളിൽ ഒരു ആൺ കൊക്കും പെൺകൊക്കും താമസിച്ചിരുന്നു പെൺകൊക്ക് അടയിരുന്ന വിരിയുന്ന കുഞ്ഞുങ്ങളെ എല്ലാം ഒരു പാമ്പ് ദിവസവും വന്ന് തിന്നുകയായിരുന്നു ദുഃഖിതരായ കൊക്കുകൾ ചെന്ന് കുളത്തിന്റെ കരയിൽ ചെന്ന് ഇരിക്കുകയാരിന്നു. അപ്പോൾ ഒരു ഞണ്ട് വന്നു ചോദിച്ചു.നിങ്ങൾ എന്തിനാണ് ഇങ്ങനെ ദുഃഖിച്ചിരിക്കുന്നത്. ദുഃഖത്തിന്റെ കാരണം കൊക്ക് ഞണ്ടിനെ പറഞ്ഞു കേൾപ്പിച്ചു.ഞണ്ട് അപ്പോൾ പറഞ്ഞു.ഇവിടെ അടുത്ത് ഒരു മരത്തിന്റെ ചുവട്ടിൽ ഒരു കീരി താമസിക്കുന്നുണ്ട്. കുറച്ച് മത്സ്യങ്ങളെ പിടിച്ച് പാമ്പു താമസിക്കുന്ന പൊത്തിന്റെ അവിടെ നിന്നും കീരി താമസിക്കുന്ന അവിടെ വരെ ഇട്ടിട്ട് കാത്തിരിക്കുക. അപ്പോൾ കീരി മത്സ്യത്തിനെതിന്നു തിന്ന് പാമ്പിന്റെ പൊത്തിൽ ചെന്നു കേറി പാമ്പിനെക്കൊല്ലും അങ്ങനെ നിങ്ങടെ ശല്യം തീരുകയും ചെയ്യും. ഞണ്ടു പറഞ്ഞതു പോലെ കൊക്കുകൾ ചെയ്തു.അപ്പോൾ കീരി മത്സ്യത്തെ തിന്നു തിന്ന് പാമ്പിന്റെ പൊത്തിൽ കേറുകയും പാമ്പിനെ കൊല്ലുകയും ചെയ്തു. പാമ്പിനെ കൊന്ന ശേഷം . മുകളിലേക്കു നോക്കിയപ്പോൾ കോക്കുകൾ. ഇരിക്കുന്നതു

കണ്ടു.മുകളിൽ കേറി കൊക്കുകളേയും ഭക്ഷിക്കുകയും ചെയ്തു. വേറൊരാൾക്ക് നാശം ചെയ്യുമ്പോൾ അവനവനും നാശം സംഭവിക്കും എന്നു ചിന്തിച്ചു വേണം മറ്റൊരാൾക്ക് ആപത്തു വരുത്തുവാൻ.



കിരൺ IX എ



## "ഒരു കൊച്ചു ബാലന്റെ കഥ"

ഒരിടത്ത് ഒരിടത്ത് സുന്ദരമായ ഒരു ഗ്രാമമുണ്ടായിരുന്നു.അവിടെ പൂമ്പാറ്റയെപോലെ തുള്ളിച്ചാടി നടന്നിരുന്ന ഒരു കുട്ടിയാണ് ബാലൻ .പഞ്ചബിലെ ആ ഗ്രാമത്തിലുള്ളവർ ആരോഗ്യ ദൃഢഗാത്രന്മാരായിരുന്നു .അവനെ അവന്റെ 'അമ്മ യാണ് വളർത്തിയത്. അവന്റെ അച്ഛൻ ഒരു പട്ടാളക്കാരനാണ് .മുതിർന്നവരെ ബഹുമാനിക്കാനും നന്നായി പഠിക്കുവാനും അവനെ അവന്റെ 'അമ്മ പഠിപ്പിച്ചു. അവന്റെ കൊച്ചു വീടിന്റെ മുന്നിലൂടെ റെയിൽവേ പാളമുണ്ടായിരുന്നു.ഒരിക്കൽ അവൻ അതിന്റെ അരുകിലിരുന്നു കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവന്റെ അച്ഛൻ എന്നു വരുമെന്നും വരുമ്പോൾ എന്തെല്ലാം കൊണ്ടുവരുമെന്നും അവൻ ചിന്തിച്ചു.കാത്തിരുന്ന്,കാത്തിരുന്ന് ഒരിക്കൽ അവന്റെ അച്ഛൻ വന്നു.തനിക്ക് നിറയെ കളിപ്പാട്ടങ്ങളും കൊണ്ടുവന്നു.ഒരു ദിവസം സ്കൂളിൽ നിന്നും മടങ്ങിവന്നപ്പോൾ അവന്റെ അച്ഛൻ വീട്ടിൽ നിന്നും മടങ്ങി പോയെന്ന വാർത്ത അവനറിഞ്ഞത്.തന്റെ അച്ഛൻ കൊണ്ട് വന്ന കളിപ്പാട്ടങ്ങൾ കെട്ടിപിടിച്ചവൻ തേങ്ങി കരഞ്ഞു .

ഒരു ദിവസം സ്കൂളിൽ നിന്നു മടങ്ങി വന്ന അവൻ റെയിൽ പാളത്തിന്റെ അരുകിലിരുന്നു കളിക്കുകയായിരുന്നു. അവന്റെ 'അമ്മ അവനെ വിളിച്ചിട്ടും അവൻ ചെന്നില്ല .തനിക്കും അച്ഛനെ പോലെ ഒരു ധീരനാവണമെന്നായിരുന്നു അവന്റെ ആഗ്രഹം .കളിച്ചു കൊണ്ടിരുന്നപ്പോൾ ടിക്ക് ടിക്ക് എന്നൊരു ശബ്ദം അവൻ കേട്ടു.അവൻ അമ്മയുടെ അടുത്തേക്ക് ഓടി അമ്മേ.. ... അവിടെ ടിക്ക് ടിക്ക് എന്നൊരു ശബ്ദമുണ്ടാക്കുന്ന ഒരു സാധനം കിടക്കുന്നു.

മോനെ അത് എടുക്കരുത് അത് ബോംബ് ആണ് .ആ കൊച്ചു ബാലൻ ഓടിച്ചെന്ന് അത് കയ്യിൽ എടുത്തു .അവന്റെ കയ്യിലിരു ന്നത് പൊട്ടി തെറിച്ചു. അവന്റെ കുഞ്ഞു കൈകൾ ഛിന്നഭിന്നമായി .ആ കൊച്ചു ബാലൻറെ ധീരതയിൽ അവിടുത്തെ ജനങ്ങൾ തല കുനിച്ചു . കുറച്ചു നാളുകൾക്കു ശേഷം ആ കൊച്ചു ബാലൻ ഏറ്റു വാങ്ങേണ്ട ധീരതയുടെ അവാർഡ് അവന്റെ 'അമ്മ ഏറ്റു വാങ്ങിയപ്പോൾ അവന്റെ അമ്മയുടെ കണ്ണ് നിറഞ്ഞു.ആ ബോംബ് അവിടെ കിടന്ന് പൊട്ടിയിരുന്നെകിൽ ആയിരകണക്കിന് ട്രെയിൻ യാത്രികർ മരിച്ചേനെ തന്റെ കുട്ടി അവന്റെ അച്ഛനെ പോലെ ധീരനാണ് .

ആ കൊച്ചു ബാലന് പ്രണാമം അർപ്പിച്ചുകൊണ്ട് നിർത്തു ന്നു .........

**അഭിരാമി ബി VI.ബി**

കവിത ......

# നമ്മുടെ ഭൂമി

" എത്ര മനോഹരമാണീ ഭൂമി
എന്തു മനോഹരമാണീ ഭൂമി
ദുഃഖങ്ങളില്ലാത്ത ശോകങ്ങളിലാത്ത ഭൂമി
ഇവിടെ ആഹ്ലാദിചാർത്തു രസിക്കുന്ന മർത്യർ
ദൂരമൂത്ത മനശ്യർ വാഴാത്ത ഭൂമി
എത്ര മനോഹരമാണീ ഭൂമി
കളകളം പാടുന്ന കിളികളുണ്ട്
ചാഞ്ചടിയാടുന്ന പൂക്കളുണ്ട്
ചാടികളിക്കുന്ന പൈതങ്ങളുണ്ട്.
പറവകൾ പാറുന്ന ഉദ്യാനമുണ്ട്
ആത്മസുഖം നൽകി പുതുമഴ
നമ്മുടെ ദുഃഖകങ്ങൾക്കറുതിയായി
സ്വച്ഛ സുന്ദര ഭൂമിയിൽ ഒരു
സ്വപ്ന വേദി പണിതു ഞാൻ
സ്വർഗം വന്നു വിളിക്കുന്നതും കാത്ത്
അക്ഷമനായിരുന്നു ഞാൻ.”



അനന്ദു അനിൽ

IX എ

## ലേഖനം.....

### വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ

'ലോകാ സമസ്താ സുഖിനോ ഭവന്തു'എന്നത് ഭാരതിയ ദർശനത്തിന്റെ കാതലാണ് എന്ന് മുമ്പ് പറഞ്ഞുവല്ലോ.എന്നാൽ ഇത് പിൽകാലത്ത് മാറിപ്പോയി വിദേശികളുടെ കടന്നുവരവും.അധിനിവേശവും ചൂഷണവും തുടർന്നുള്ള സ്വാതന്ത്ര്യസമരങ്ങളുമൊക്കെ ദേശിയ വികാരം നമ്മിൽ വളരെ വളർത്തി.എന്തിലുമുപരി ദേശാഭിമാനത്തെ കാണാൻ തുടങ്ങി.

ലോകം എന്നത് ചുരുങ്ങി രാജ്യം എന്നായി.ചില ഘട്ടങ്ങളിൽ അത് സംസ്ഥാനം എന്ന തലത്തിലേക്കും താഴ്ന്നു.'മണ്ണിന്റെ മക്കൾ'വാദം പോലുള്ള സങ്കുചിതചിന്താഗതികൾ പോലും ഇവിടെ അരങ്ങേറി ഒരു പരിധി കഴിഞ്ഞാൽ ദേശസ്നേഹം പോലും അപകടമാണ് എന്ന് ദേശിയ നേതാക്കൾ തന്നെ ഉപദേശിച്ചിരുന്നു.

നമ്മുടെ രാജ്യത്തിനും സ്വാതന്ത്ര്യം ലഭിച്ചതോടൊപ്പം ഉണ്ടായ ദുരന്തമാണല്ലോ രാജ്യത്തെ രണ്ടായി പകുത്തത്.അങ്ങനെ തൊട്ടയൽപക്കത്തു തന്നെ സഹോദരസ്ഥാനത്ത് ശത്രുവുണ്ടായി.പാക്കിസ്ഥാൻ എന്ന രാജ്യത്തിലെ ജനങ്ങളെ നമ്മെപ്പോലെ തന്നെയുള്ള ഒരു ജനത എന്നു കാണുവാൻ പോലും നമുക്കു കഴിയാതെയായി എന്താണ് ഇതിന്റെ ആത്യന്തികഫലം.

ഏുഭക്ഷത്തിനും വിദ്യാഭ്യാസത്തിനുമൊക്കെ ചെലവാക്കുന്ന തുകയേക്കാൾ സൈനികാവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചേ നമുക്കു നിലനിൽക്കാൻ കഴിയൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.ഇതു മാറേണ്ടല്ലേ?

ലോകം ഒരു കുടുംബമാണ് എന്നതായിരുന്നു നമ്മുടെ കാഴ്ചപ്പാട്.ഇപ്പോൾ ലോകം

ഒരാഗോള ഗ്രാമമായി മാറണം എന്ന് പാശ്ചാത്യ ലോകവും ആഗ്രഹം പ്രകടിപ്പിക്കുന്നു.അപ്പോൾ അതാഗ്രഹിക്കാത്തവർ ആരുമില്ല എന്നവരുന്നു.

വിദ്യാഭ്യസത്തിലൂടെ ഉണ്ടാകേണ്ട മനോഭാവമെന്താണ്?ലോകത്തെവിടെയുമുള്ള മനുഷ്യർ ഒരുപോലെയാണ് എന്നും അവന്റെ വികാര വിചാരങ്ങളും പ്രശ്നങ്ങളുമൊക്കെ സമാനമാണ് എന്നുമുള്ള തിരിച്ചറിവ് ഒരോരുത്തരിലും ഉണ്ടാകണം.ഒരു തരത്തിലാലോചിച്ചാൽ കവി പാടിയതു പോലെ 'ഏകോദര സോദർ തമ്മിലിണങ്ങിടുമോത പ്രോതങ്ങൾ'എന്നു പറഞ്ഞതാണു ശരി എന്നു മനസ്സിലാക്കാൻ കഴിയണം.



**മീനു അനിൽ**

**X ബി**

# അഭിനന്ദനങ്ങൾ.




**തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന സ്കൂൾസ് യോഗാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രേവതി രാജേഷ്.....**

# അഭിനന്ദനങ്ങൾ..


2017 മെയ് 13,14 തീയതികളിൽ തിരുവനന്തപുരം ജി.വി രാജാ
സ്കൂളിൽ വച്ച് നടന്ന സ്റ്റേറ്റ് യോഗ ഒളിമ്പിയാഡിൽ
നിന്നും ഡൽഹിയിൽ വച്ച് നടക്കുന്ന
നാഷണൽ യോഗ ഒളിമ്പിയാഡിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
മനു മനോജിന്
അഭിനന്ദനങ്ങൾ
SNDP HSS വെൺകുറിഞ്ഞി

## വൈക്കം മുഹമ്മദ് ബഷീർ {1908-1994}



മലയാള സാഹിത്യ രംഗത്ത് തനതായ മുദ്ര വ്യക്തി പതിപ്പിച്ച എഴുത്തുകാരനാണ് ബഷീർ. മലയാള ചെറുകഥയെയും നോവലിനേയും ദിശയിലേക്ക നയിച്ച ഇദ്ദേഹം വൈക്കത്തിനടുത്ത് തലയോലപ്പറമ്പി ൽ 1908 ജനുവരി 19-ന് ജനിച്ചു.അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനായി നാട്ടിൽനിന്ന് ഒളിച്ചോടി കോഴിക്കോട് ചെന്ന് കോൺഗ്രസ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു . ഉപ്പ സത്യാ ഗ്രഹത്തിൽ ഭാഗമായതിനെ തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത് ഇദ്ദേഹത്തേ ജയിലിലാക്കി.ജയിലിൽനിന്നു പുറത്തുവന്ന ഇദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കടുത്ത് ജയിൽവാസവും മർദ്ദനവും വീണ്ടും ഏറ്റുവാങ്ങി. ജയിൽ മോചിതനായതിനുശേഷം ബഷീർ ഏഴുവർഷത്തോളം നീണ്ടുനിന്നയാത്രയിൽ ഏർപ്പെട്ടു. ഈ യാത്രക്കിടയിൽ ഇന്ത്യ യുടെ മിക്ക ഭാഗങ്ങളും അറബി രാജ്യങ്ങളും ആഫ്രിക്കൻ തീരപ്രദേശങ്ങളും സന്ദർശിച്ചു. കഷ്ട്പ്പാടുകൾ നിറഞ്ഞ ആ യാത്രാ കാലയളവിൽ ബഷീർ പല തൊഴിലുകളിലും ഏർപ്പെട്ടു.

വിവിധശാഖകളിലായി മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവായ ബഷീറിന്റെ നോവലുകൾ ബാല്യകാലസഖി പാത്തുമ്മായുടെആട്,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു,ശബ്ദങ്ങൾ എന്നീ നോവലുകൾ മലയാള സാഹൃത്യത്തിൽ ഏറെ ചലനങ്ങൾ സൃഷ്ടിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ,സ്വാതന്ത്ര്യ സമരഭടനുള്ള താമ്രപത്രം,മുട്ടത്തുവർക്കി അവാർഡ് അങ്ങനെ ഒട്ടേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1994 ജൂലൈ 5-ന് അന്തരിച്ചു.



**ആൽബിൻ ജോസഫ്**

കവിത.....

# പൂമ്പാറ്റ



"പൂക്കൾ തോറും പാടിപ്പാടി
പാറി നടക്കും പൂമ്പാറ്റേ
എന്നുടെയരികിൽ വന്നാട്ടെ
എന്നുടെ വീ ട്ടിൽ വന്നാട്ടെ
സ്വർണ്ണത്തളികേൽ പാലുതരാം
കുഞ്ഞിക്കയ്യിൽ മധു പകാരാം
അമ്മ കൊരുത്തൊരു മാലതരാം
അച്ചൻ തന്നൊരു പീപ്പി തരാം....."



അനന്ദു കുമാർ പി.വി IX എ

# തിരിച്ചറിയൽ കാർഡ്


S.N.D.P
HIGHERR SECONDARY
SCHOOL
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
VENKURINJI.P.O. PATHANAMTHITTA (Dist).
0482-8254008
LITTLE KITES MEMBER'S ID CARD
NAME: KIRAN E.K
Address: KUNJUMON E.K
EETTICKAL
CHATHANTHARA P.O
D.O.B: 23/12/2004
MOB: 9544048770
HEADMASTER
AD.NO.10932
E-Mail: sndphssvenkurinji@gmail.com
09


LITTLE KITES 01-10 DONOT USE PENCIL FOR MARKING USE RED PEN ONLY(Page No.01 )
RAHUL RAVI
MANU MANOJ
BICHU BIJU
ANANDHU ANIL
APARNA RAMACHANDRAN
NITHYA BABU
ANJANA RAJI
ATHIRA P.A
SANDRA SARITHA
EDWIN VARKEY
തെറ്റുകൾ ചുവന്നമഷിക്കുഅടിവര ഇട്ടതിനുശേഷംതിരുത്തുക

## അങ്ങാടിക്കുന്നിലെ ആട്ടിൻകുട്ടങ്ങൾ

അന്നൊരുനാൾ അങ്ങാടിക്കുന്നിലെ അന്തേവാസികളായ ആട്ടിൻകുട്ടികൾ ആറാട്ട കാണാൻ അണിഞ്ഞൊരുങ്ങി അങ്ങാടിച്ചന്തയിലേക്ക് പുറപ്പെട്ടു .ആറുകടന്ന വേണം അങ്ങാടിച്ചന്തയിൽ എത്താൻ . ആറ്റുവഞ്ചിയിലേറി ആറു കടന്ന് അവർ അങ്ങാടിച്ചന്തയിൽ എത്തി . അങ്ങാടി ചന്തയിലെ ആൾക്കൂട്ടം കൊണ്ട് അവർ അമ്പരന്ന . അവർക്ക് അത് ആദ്യത്തെ അനുഭവമാണ് അവർ അതെല്ലാം ആസ്വദിച്ച് അവിടെ കൂടി. ആടിപ്പാടി അന്തോണിച്ചേട്ടന്റെ ആട്ടിറച്ചിക്കടയിലെത്തി

അതിസുന്ദരികളായ ആട്ടിൻകുട്ടികളെ കണ്ട് അന്തോണിചേട്ടൻ അതിശയിച്ചു. അന്തോണിച്ചേട്ടൻ ആഗ്രഹിച്ചത് പോലുള്ള ആട്ടിൻ കുട്ടികൾ.

അന്തോണിച്ചേട്ടന്റെ ആട്ടിൻ കുട്ടികൾ അവല്യം അരിയുണ്ടയും ആവോളം നൽകി ആകർഷിച്ചു . അതിന് ശേഷം ആരും കാണാതെ ആട്ടിൻ കുട്ടികളെ അടുക്കയിലൊളിപ്പിച്ചു . ആട്ടിൻ കുട്ടികൾക്ക് ആധ്യമായി ആപത്ത് അവർ അറിഞ്ഞു . അപ്പോഴാണ് അന്തോണിച്ചേട്ടന്റെ അരുമ മകൾ ആലീസ് അവിടേയ്ക്ക് വന്നത് . അടുക്കളയിൽ നിൽക്കുന്ന ആട്ടിൻ കുട്ടികളെ കണ്ട് ആലീസ് അത്ഭുതപ്പെട്ടു ആലീസ് ആഹ്ലാദം കൊണ്ട് ആടി കളിച്ചു . അതിസുന്ദരികളായ ആട്ടിൻകുട്ടികൾ . അവർ അവരുമായി അടുപ്പത്തിലായി.

ആലിസ് അവർക്ക് അടപ്രഥമൻ കൊടുത്തു . അതിന്റെ അളവിനെ ചൊല്ലി അവർ അടിപിടിയായി. അപ്പോഴാണ് അങ്ങാടി ചന്തയിലെ ആദർശ വാദിയായ ആന കുട്ടൻ അതുവഴി വന്നത് ആട്ടിൻകുട്ടികളുടെ അടിപിടി കണ്ട് ആനക്കുട്ടൻ അലറി .. അഹങ്കാരികളെ അടിവിടി കൂടുന്നവരെ ആറ്റിൽ ഒഴുക്കും അതാണി വിട്ടത്തെ നിയമം.

ആട്ടിൻകുട്ടികൾ അമ്പരന്നു. അവർ ആനകുട്ടന്റെ അടിവയറിൽ അള്ളിപിടിച്ചു.അരുത് അബന്ധം പറ്റിയതാണ്. അവർ അലറികരഞ്ഞു. അടിപിടികൂടുന്നവർ ആ പത്തിൽ ചാടും. ആരും അനാവശ്യ കാര്യങ്ങൾക്ക് അടിപിടികൂടരുത്. ആനക്കുട്ടൻ ആദർശം വിളമ്പി അറിയാം അരുതാത്തതെന്നും ആവർത്തിക്കില്ല. ആട്ടിൻകുട്ടികൾ ആണയിട്ടു അവർ ആദർശവാദികൾ ആയ അങ്ങാടി കുന്നിലേക്ക്

അടിപിടി ആപത്ത് വരുത്തുന്നു



**അപർണ രാമചന്ദ്രൻ**

**IX എ**

## സിവി രാമൻ ഒരു വ്യക്തിയും ശാസ്ത്രപ്രതിഭയും

ലോകത്തിനു മുമ്പിൽ ഇന്ത്യയുടെ അഭിമാനം വാനോളമുയർത്തിയ മഹാശാസ്ത്രപ്രതിഭയായിരുന്ന സി.വി.രാമൻ. അദ്ദേഹത്തോടുള്ള ആദരസൂചകമായി എല്ലാവർഷവും ഫെബ്രുവരി 28 ഇന്ത്യയിൽ ദേശീയ ശാസ്ത്ര ദിനമായി ആചരിക്കുന്നു. 1928 ൽ ഈ ദിവസമായിരുന്നു രാമൻ പ്രഭാവം എന്നറിയപ്പെടുന്ന പ്രതിഭാസം ലോകത്തിനു മുന്നിൽ അദ്ദേഹം അവതരിപ്പിച്ചത്.

1888 നവംബർ ഏഴിന് തമിഴ്നാട്ടിലെ ത്രിശിനാപ്പിള്ളിയിലാണ് സി.വി.രാമൻ ജനിച്ചത്.അധ്യാപനവും ഗവേഷണവും ഇഴചേർന്ന ഔദ്യോഗിക ജീവിതം വിദ്യാർത്ഥിയായിരിക്കേ മനസ്സിൽ മുളപൊട്ടിയ ശാസ്ത്രചിന്തകൾക്ക് ഊർജം പകർന്നു.ഒട്ടേറെ ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തി.പ്രശസ്തിയുടെ പടവുകൾ കയറുമ്പോഴും അതിനായി പ്രവർത്തിക്കുകയും ചെയ്തു.ശാസ്ത്രഗവേഷണത്തിൽ മുന്നിട്ടുനിൽക്കുന്ന സമ്പന്നരാഷ്ട്രങ്ങളിലേക്ക് ചേക്കേറാതെ ഇന്ത്യയിൽ വേരൂന്നിയ ശാസ്ത്ര പ്രവർത്തനങ്ങൾക്കാണ് ശ്രമിച്ചത്.അതിനാൽ തികഞ്ഞ ദേശസ്നേഹിയായും നമുക്ക് അദ്ദേഹത്തെ കാണാം. ആകാശത്തിനും ആഴക്കടലിനും അനന്ത നീലിമയുണ്ടാകുന്നതിനുള്ള കാരണമെന്താണ്? ആരിലും സംശയമുണർത്താവുന്ന ഒരു കാര്യമാണിത്.സ്വാഭാവികമായും സി.വി.രാമൻ എന്ന ഭൗതികശാസ്ത്രജ്ഞനും അതേപ്പറ്റി ഗൗരവമായി ചിന്തിച്ചു.1921-ൽ നടത്തിയ ഒരു കപ്പൽ യാത്രയിലാണ് ഇത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടത്.സൂര്യപ്രകാശം കടൽ വെള്ളത്തിലൂടെ കടന്നുപോകുമ്പോൾ പ്രകാശത്തിനു വിസരണം സംഭവിക്കുമെന്ന് അദ്ദേഹം വിലയിരുത്തി.ഇതു സംബന്ധിച്ച് കൂടുതൽ പരീക്ഷണങ്ങളിൽ മുഴുകിയ അദ്ദേഹം 1928 ഫെബ്രുവരി 28 നു ലോകത്തിനു മുന്നിൽ ഒരു പുതിയ സിദ്ധാന്തം അവതരിപ്പിച്ചു. വിവിധ തന്മാത്രകളിൽ തട്ടി പ്രകാശരശ്മികൾ പ്രതിഫലിക്കുമ്പോൾ അവയുടെ തരംഗ ദൈർഘ്യത്തിൽ വ്യത്യാസം വരുമെന്നായിരുന്നു കണ്ടെത്തൽ.പ്രകാശത്തിന്റെ വർണരാജിയിൽ പുതിയ രേഖകൾ അദ്ദേഹം കണ്ടെത്തി .പ്രകാശത്തിന്റെ കൂടിയതും കുറഞ്ഞതുമായ ആവൃത്തിയുള്ള രേഖകൾ ഉണ്ടാകുന്ന ഈ പ്രതിഭാസത്തെ രാമൻ പ്രഭാവം എന്നു വിളിക്കുന്നു.

1930 ലെ നൊബേൽ സമ്മാനം,ലെനിൻ പ്രൈസ്,ആഡംസ് പ്രൈസ്,ബ്രിട്ടീഷ് ഗവൺമെന്റിന്റെ സർ പദവി ഇന്ത്യാ ഗവൺമെന്റിന്റെ ഭാരതരത്നം എന്നിവ സി.വി രാമനു ലഭിച്ച ബഹുമതികളിൽ ചിലതു മാത്രം.എങ്കിലും സി.വി.രാമൻ സാമ്പത്തിക പരാധീനത അനുഭവിച്ചിരുന്നു.”saturn in a small telescope”എന്ന അദ്ദേഹത്തന്റെ പ്രബന്ധം തന്നെ ഇതിനുദാഹരണം.കൂടുതൽ ശക്തിയേറിയ ഒരു ടെലസ്കോപ്പ് വാങ്ങാനും അത് സ്ഥാപിക്കാനും കഴിയാതിരുന്നതിനെത്തുടർന്നാണ് 1916-ൽ തന്റെ ജ്യോതിശാസ്ത്ര നിരീക്ഷണങ്ങൾ നിർത്തിവയ്ക്കാൻ അദ്ദേഹം നിർബന്ധിതനായത്. അദ്ദേഹത്തിന്റെ കൈ പതിഞ്ഞ മറ്റൊരു മേഖല വയലിൻ സംഗീതമായിരുന്നു.

1970 നവംബർ 21 ന് ആ ബഹുമുഖപ്രതിഭ ഭൂമിയോടു വിടചൊല്ലി.ഇന്ത്യയുടെ ശാസ്ത്രരാമായണത്തിന് അങ്ങനെ അന്ത്യം.

**അഭിമന്യു വിജയകുമാർ**

# മഴ



കുന്നിറങ്ങി
മഴ വന്നപ്പോൾ
പുഴ കുളിർത്തു
മരം ചിരിച്ചു
മഴ തിരിച്ചുപോകേ
മരമില്ല
കുളിർമയായിപോലും
പുഴയില്ല
കുന്നു കയറാനാകാതെ
മഴത്തുള്ളി
ഭൂമിയുടെ കണ്ണീരായി
ഇനിയൊന്നു പാടൂ.
മഴവില്ലിൽ മിന്നലിൻ ഞാൺ കെട്ടി
ജലതരംഗശ്രുതി മീട്ടി
പെയ്തു തീർന്ന വർഷങ്ങളെപ്പറ്റി
മാഞ്ഞ്പോകും കാല്പാടുകളെപ്പറ്റി
ആകാശകിന്നരഗാനം കണക്കെ
കേട്ടുണരട്ടെ,
ഭൂമിയിലടങ്ങിയ രഹസ്യങ്ങൾ
നിലച്ച ശ്വാസങ്ങൾ....
മരശിഖയായതു ശിരസുയർത്തുമ്പോൾ
തണൽ തേടിയത്തട്ടെ ഭൂതകാലങ്ങൾ



ജസിം

IX എ

## സമയവും അളവുകളും

| | |
|---|---|
| **1** നാഴിക | **1** മിനിറ്റ് |
| **1/2** നാഴിക | **1** മണിക്കൂർ |
| **1** വിനാഴിക | **24** സെക്കന്റ് |
| **1** യാമം | **3** മണിക്കൂർ |
| **1** സെന്റ് | **40.47** ച .മീ |
| **100** സെന്റ് | **1** ഏക്കർ |
| **100** ച .മീ | **1 0.25** ഏക്കർ |
| **100** ആർ | **1** ഹെക്ടർ |
| **100kg** | **1** ടൺ |
| **1** നാഴി | **250** ഗ്രാം |
| **4** നാഴി | **1** ഇടങ്ങഴി |
| **10** ഇടങ്ങഴി | **1** പറ |

സൂരജ്
**IX** ബി





## മീനുകൾ

അതിമനോഹരമായ ഒരു ഗ്രാമം.ആ ഗ്രാമത്തിൽ ഒരു ചെറിയ വീട്. അച്ഛൻ അമ്മ ഒരു മകൻ ഇത്രയും അംഗങ്ങളെ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. ആ വീട്ടിലെ കൊച്ചു ബാലന് മീനുകളെ വളരെ ഇഷ്ടമായിരുന്നു .അച്ഛനമ്മമാർ പറഞ്ഞത് അനുസരിക്കാതെ മീനുകളെ നോക്കി പോയി .അവന് മീനുകളെ കിട്ടി. അച്ഛനമ്മമാർ പറഞ്ഞു മോനെ നമുക്ക് മീനുകളെ വേണ്ട എന്ന് .സ്വന്തം കുഞ്ഞുങ്ങളെ പോലെയാണ് അവൻ മീനുകളെ നോക്കിയിരുന്നത്. സ്വന്തം വീടിന് മുറ്റത്ത് ഒരു വലിയ കുളം കുത്തി അതിൽ മീനുകളെ ഇട്ടു. കുറച്ചു കഴിഞ്ഞു വെള്ളത്തിനു വളരെ ക്ഷാമമുണ്ടായി. വെള്ളം കിട്ടാത്തത് കൊണ്ട് സ്കൂളുകൾ അടച്ചു. അങ്ങനെ അവൻ കഷ്ടപ്പെട്ട് കൊണ്ടിരിക്കുമ്പോൾ അവർ ആ വിവരമറിഞ്ഞു .അടുത്തുള്ള ഗ്രാമത്തിൽ വെള്ളം ലഭിക്കുമെന്ന് . ആ വിവരം കേട്ട ഉടനെ അവൻ രണ്ടുമാസത്തേക്ക് അടുത്തുള്ള ഗ്രാമത്തിലേക്കു പോയി. അപ്പോൾ അവർ താമസിച്ചിരുന്ന ഗ്രാമത്തിൽ ജനങ്ങൾ കുറവായി.തൊടുകളി ൽ ഉണ്ടായിരുന്ന മീനുകൾ അവിടെ നിന്നും കുഞ്ഞുങ്ങളുമായി നദിയിലിലേക്കു പോയി .ആ കുളത്തിൽ ഉണ്ടായിരുന്ന മീനുകൾ പേടിച്ചു വിറച്ചു മൂലയിൽ പോയിരുന്നു .ഓരോ ദിവസം കഴിയുതോറും ആ കുളത്തിലെ വെള്ളം വറ്റാൻ തുടങ്ങി .ആ ബാലൻ ഒരുദിവസം തന്റെ കുഞ്ഞുങ്ങളെ പോലെ നോക്കി വന്ന മീനുകളെ മറന്നു .രണ്ടു ദിവസം കഴിഞ്ഞു സ്കൂൾ തുറക്കാറായി.തോടുകളിൽ വെള്ളം നിറഞ്ഞു .ആ ബാലനും കുടുംബവും തിരിച്ചു വന്നു . ആ ബാലൻ തന്റെ ഗ്രാമത്തിലേക്ക് വന്നയുടൻ തന്റെ മീനുകളെ നോക്കാനായി പോയിഅപ്പോൾ അവിടെ കണ്ട കാഴ്ച ആ ബാലനെ ഏറെ ദുഃഖിപ്പിച്ചു.മീനുകൾ അവിടെ ചത്തുകിടക്കുന്നു.ആ സംഭവം സഹിക്കാനായില്ല അവർ അവിടെ നിന്നും പോയി എന്നെങ്കിലും ഈ ഗ്രാമത്തിൽ വരും എന്ന പ്രതീക്ഷയോടെ. വർഷങ്ങൾ കഴിഞ്ഞു ബാലൻ വളർന്ന ഒരു പൗരനായി അവൻ ഗ്രാമത്തിലേക്ക് വരാൻ തുടങ്ങി ഗ്രാമത്തിൽ ചിലയിടങ്ങളിൽ വലിയ വലിയ കെട്ടിടങ്ങൾ മനുഷ്യർ പണിത ആ കാഴ്ച കണ്ട് ആ പൗരൻഒന്ന് ഭയന്നു. തൻറെ വീട് ഇരുന്ന സ്ഥാനത്തെ തോടും വീടുമെല്ലാം പൊളിച്ചു കെട്ടിടങ്ങൾ പണിത് കാണും .അവനവൻറെ വീട്ടിലെത്തി പുത്തൻ താമസക്കാർ വന്നു കുളം ഉണ്ടായിരുന്ന സ്ഥലത്ത് വൻവൃക്ഷങ്ങൾ നല്ല ശക്തിക്ക് ഒഴുകുന്ന തോട് നിറയെ മീനുകൾ ആ വീട്ടിലെ കുട്ടി മീനുകളുടെ കൂടെ കളിച്ചു രസിക്കുന്നു. അത് കണ്ടപ്പോൾ അവനു സന്തോഷമായി അവിടുന്ന് മടങ്ങിപ്പോയി. പോകുമ്പോൾ പൗരന് ഒരു വിഷമം മാത്രമേ ഉണ്ടായിരുന്നുള്ളൂ താൻ കാരണം അത്രയും മീനുകൾ മരിച്ചല്ലോ ?എങ്കിലും ആ സങ്കടം മറച്ച് വെച്ച് അവൻ ചിരിച്ച മുഖവുമായി ആ ഗ്രാമത്തിൽ നിന്നും യാത്രയായി.

**അൽത്താഹ് എസ് , VI ബി**

## ഞങ്ങൾ ലാബിൽ



## ഐറ്റി സ്കൂൾ മാസ്റ്റർ ട്രേയിനർ ശ്രീ ജയേഷ് സാർ ക്ലാസ് എടുക്കുന്നു









## അക്ഷരങ്ങൾക്കായി ഒരു ജീവിതം -

### പി. ൻ. പണിക്കർ

പുസ്തകങ്ങൾക്കും വായനക്കും മാത്രമായി ജീവിതം മാറ്റിവെച്ച ഒരു മഹാന്റെ ചരമ ദിനം ആണ് നമ്മൾ വായന ദിനമായി ആചരിക്കുന്നത് -പി എൻ പണിക്കരുടെ . പുതുവായിൽ നാരായണ പണിക്കർ എന്നാണ് മുഴുവൻ പേര് .

1909 മാർച്ച് ഒന്നിന് കോട്ടയം ജില്ലയിലെ നിലമ്പൂർ എന്ന ഗ്രാമത്തിലാണ് പി .എൻ പണിക്കർ ജനിച്ചത് .ചെറുപ്പകാലത്തെ തന്നെ നാട്ടിൽ വയനാ സംസ്കാരം വളർത്താൻ പണിക്കർ മുന്നിട്ടിറങ്ങി .പത്രം വാങ്ങാൻ എന്നും പണിക്കർ കോട്ടയം വരെ നടന്നു പോകും .പത്രം വാങ്ങി വന്ന് പള്ളി ഭഗവതി ക്ഷേത്രത്തിനു മുന്നിലെ ആൽ മരത്തണലിലിരുന്ന് അദ്ദേഹം അത് വായിക്കും .എഴുത്തും വായനയും അറിയാ ത്ത ഒട്ടേറെ ഗ്രാമീണർ വർത്തകളറിയാൻ ചുറ്റും കൂടും പിന്നീട് കൂട്ടുകാരുമൊത്ത് വീടുകൾ കയറി ഇറങ്ങി പുസ്തകങ്ങൾ ശേഖരിച് ഒരു വായനശാല തുടങ്ങി. ആൽമരത്തിനു സമീപം അദ്ദേഹം തുടങ്ങി യവായനശാലയാണ് സനാതധർമ വായനശാല. പിന്നീട് വയനവളർത്താനായി അദ്ദേഹം കേരളമെങ്ങും സഞ്ചരിച്ചു.

1945 സെപ്റ്റംബറിൽ പി എൻ പണിക്കർ തിരുവതാംകൂർ ഗ്രന്ഥശാല സമ്മേളനം സംഘടിപ്പിച്ചു .കേരളത്തിലെ വായനാശാലകളുടെ ആദ്യ കൂട്ടായ്മ കൂടിയാണിത് .1958 ൽ അദ്ദേഹം കേരളഗ്രന്ഥശാല സംഗം ഉണ്ടാക്കി .1970 നവംബർ -ഡിസംബർ മാസങ്ങളിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സാംസ്കാരിക കാൽനട ജാഥ നടത്തി."വായിച്ചു വളരുക ,ചിന്തിച്ചു വിവേകം നേടുക ".എന്നതായിരുന്നു ആ ജാഥയുടെ മുദ്രാവാക്യം .1995 ജൂൺ 19 ന് അദ്ദേഹംനിര്യാതനായി .



**അഞ്ജന രാജി IX എ**

# പരിസ്ഥിതി പ്രശ്നങ്ങൾ

പരിസ്ഥിതി പ്രശ്നങ്ങൾ ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ജീവന് നിലനിൽപ്പിന് ആവശ്യമായ ഘടകമാണ് പരിസ്ഥിതി മനുഷ്യന് വരദാനമായി ലഭിച്ച ഈ പ്രകൃതി സമ്പത്തുകൾ ശരിയായ വിധത്തിൽ ഉപയോഗിക്കാതിരിക്കുന്നത് ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ചയും ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.
മനുഷ്യൻ തൻറെ വളർച്ചയെപ്പറ്റി മാത്രം ചിന്തിക്കുന്നത് കൊണ്ട് നമ്മുടെ സമ്പത്തായ മണ്ണിനെയും വായുവിനെയും വെള്ളത്തെയും പറ്റി ചിന്തിക്കുന്നില്ല. അതുമൂലം കരിഞ്ഞുണങ്ങിയ മാറ്റങ്ങളും വരണ്ട നദികളും വെള്ളപ്പൊക്കവും കാട്ടുതീയും ദിനംതോറും കൂടികൊണ്ടിരിക്കുന്നു.

ഭൂമിയിൽ പതിക്കുന്ന സൂര്യപ്രകാശം പ്രതിഫലിച്ച് അന്തരീക്ഷത്തിലേക്ക് തന്നെ താപോർജ്ജം പ്രസരിക്കതക്ക വിധത്തിൽ ആയിരിക്കുന്നു. നമ്മടെ അന്തരീക്ഷത്തിൽ കാർബൺ മീതെ എന്നീ രാസവസ്തുക്കളുടെ അളവ് ക്രമാതീതമായി ഉയരുന്നു. അത് ഒരു ആവരണമായി മാറുകയും ഇതുമൂലം ഭൂമിയിൽ പതിക്കുന്ന സൂര്യതാപം തിരികെ പോകാനാവാത്ത അവസ്ഥയിൽ ആകുകയും ചെയ്യുന്നു. ഇതുമൂലം അനുദിനം വർദ്ദിച്ചുവരുന്ന ചൂട് മനുഷ്യനെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനു ഭീഷണിയാകുന്നു.
അന്തരീക്ഷത്തിൽ കാണുന്ന ഒരു ദുർലഭ വാതകമാണ് ഓസോൺ. ഇത് ഓക്സിജന് ഒരു രൂപാന്തരമാണ്. സൂര്യലക്ഷ്മിയിലെ അൾട്രാവയലറ്റ് കിരണങ്ങളെ ഭൂമിയിലേക്ക് കടത്തി വിടാത്ത തടഞ്ഞുനിർത്തുന്നത് ഓസോൺ പാളിയാണ്. കാർബൺ മീതെൻ നൈട്രസ് ഓക്സൈഡ് എന്നീ രാസവസ്തുക്കൾ അന്തരീക്ഷത്തിൽ കലരുകയും ഓസോൺ പാളിക്ക് ക്ഷയം സംഭവിക്കുകയും ഇതുമൂലം അൾട്രാവയലറ്റ് രശ്മികൾ നേരിട്ട് ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു.

പെട്രോൾ കൽക്കരി എന്നിവ കത്തിക്കുമ്പോൾ അന്തരീക്ഷത്തിലെത്തുന്ന സൾഫർ, നൈട്രജൻ തുടങ്ങിയവ ഓക്സൈഡുകൾ ആയി വായുവിൽ കലരുകയും അത് അന്തരീക്ഷത്തിലെത്തുന്ന സൾഫർ നൈട്രജൻ തുടങ്ങിയവ പുറപ്പെടുവിക്കുന്ന അന്തരീക്ഷത്തിലെ ജലാംശവും ആയി ലയിച്ച് അമ്ലമഴയായി രൂപപ്പെടുന്നു. ഇത് കാലക്രമത്തിൽ മഴവെള്ളത്തിലൂടെ ഭൂമിയിൽ പതിക്കുന്നു. ഫാക്ടറിയിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ രാസവളം,

കീടനാശിനി എന്നിവയുടെ ഉപയോഗം ജലത്തെ മലിനമാക്കുന്നു. മോട്ടോർ വാഹനങ്ങളിൽ നിന്നും പുറത്തു വരുന്ന മാലിന്യങ്ങൾ രാസ വ്യവസായ ശാലകളിൽ നിന്നുയരുന്ന പുക അണുബാധ മാലിന്യങ്ങൾ എന്നിവ അന്തരീക്ഷത്തിലെ വായുവിനെ മലിനപ്പെടുത്തുന്നു.

നദികളിൽ നിന്നും അമിതമായ മണൽ വരുന്നതുകൊണ്ട് നദിയിലെ ആഴം വർധിക്കുകയും

ഗതിമാറി ഒഴുകുകയും ചെയ്യുന്നു. മരം വെട്ടി മുറിക്കുന്നതും വനനശീകരണവും ജല ലഭ്യത കുറയ്ക്കുന്നു.

മനുഷ്യരാശിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായി ഉയർത്തുന്ന ഈ പ്രശ്നങ്ങൾ എല്ലാം തന്നെ മനുഷ്യൻ സൃഷ്ടിച്ചതാണ്. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുക മാത്രമാണ് ഇതിനുള്ള പരിഹാരം. അതിനാൽ വിദ്യാർത്ഥികളായ നമ്മൾ ഇത്തരം അവസ്ഥകൾ ഉണ്ടാകാതിരിക്കാനായി ശ്രമിക്കേണ്ടതാണ്. ഈ നാടിനു വേണ്ടി പ്രപഞ്ചത്തിനു വേണ്ടി മനുഷ്യനെ നിലനിൽപ്പിനുവേണ്ടി നാം ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടത് ഈ കാലഘട്ടത്തിൻറെ ആവശ്യമാണ്.

" ഈശ്വരൻ സൃഷ്ടിച്ച ഈ പ്രപഞ്ചത്തെ കാത്തു പരിപാലിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം"

" മരം ഒരു വരം"



എഡ്‌വിൻ വർക്കി

**IX** ബി

## വായനാദിന വചനങ്ങൾ

.മറ്റെല്ലാം നമ്മെ കൈവെടിഞ്ഞു എന്ന് വരാം എന്നാൽ നല്ല ഗ്രന്ഥങ്ങൾ എന്നും നമ്മുടെ നല്ല മിത്രങ്ങളായിരിക്കും

ഡോക്ടർ എസ് രാധാകൃഷ്ണൻ

. ഞാനൊരു സാമ്രാജ്യ അധിപൻ ആയിരുന്നില്ലെങ്കിൽ ഗ്രന്ഥശാല സൂക്ഷിപ്പുകാരൻ ആവുമായിരുന്നു

നെപ്പോളിയൻ

. എനിക്ക് ജീവിതത്തിൽ വേണ്ട മൂന്നു സാധനങ്ങൾ പുസ്തകങ്ങൾ പുസ്തകങ്ങൾ പുസ്തകങ്ങൾ

ടോൾസ്റ്റോയ്



മനു മനോജ്

## വായന

"മറ്റെല്ലാം നമ്മെ കൈവെടിഞ്ഞു ,എന്നാൽ നല്ല ഗ്രന്ഥങ്ങൾ എന്നും നമ്മുടെ നല്ല മിത്രങ്ങളായിരിക്കും". എന്ന് ഡോക്ടർ എസ് രാധാകൃഷ്ണൻ പറഞ്ഞത് എത്രയോ ശരിയാണെന്ന് ഒരു നിമിഷം നാം ചിന്തിക്കേണ്ടതായിട്ടുണ്ട്. അറിവ് ഒരു വലിയ ശക്തിയാണ്. ആ ശക്തി നേടിയെടുക്കണമെങ്കിൽ നാം ഒരുപാട് വായക്കണം. ഒരു ചെറിയ കഥ പുസ്തകം വായിക്കുമ്പോൾ തന്നെ എന്തെല്ലാം ചെറിയ ചെറിയ അറിവുകളാണ് നമ്മുക്ക് ലഭിക്കുന്നത്. നിത്യ ജീവിതത്തൽ നടന്നു കൊണ്ടിരിക്കുന്ന ഒട്ടുമിക്ക കാര്യങ്ങളും ഒരു പത്രത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ദിവസവും പത്രം വരുത്താത്തതായിട്ട് ഇന്നത്തെ കാലത്ത് ആരും തന്നെ ഇല്ല

ഓരോ ഗ്രന്ഥശാലകളിലും സാഹിത്യത്തെക്കുറിച്ചും മതങ്ങളെക്കുറിച്ചും കൃഷി രീതികളെക്കുറിച്ചും ,ശാസ്ത്രത്തെക്കുറിച്ചും ,കണ്ടുപിടിത്തങ്ങളെക്കുറിച്ചും ഉള്ള നിരവധി പുസ്തകങ്ങൾ ഉറങ്ങിക്കിടക്കുകയാണ് .ആ പുസ്തകങ്ങളെ ഉയർത്തെഴുന്നേൽപ്പിക്കുക എന്നത് നമ്മുടെ കടമയാണ്. ഈ പുസ്തകങ്ങൾ നമുക്ക് അറിവ് ശേഖരിക്കാനുള്ള ഒരു നല്ല വഴിയാണ് .എത്ര നേടിയാലും വറ്റാത്ത സാഗരം പോലെയാണ് അറിവ് .അത് നേടുന്തോറും വന്നുകൊണ്ടേയിരിക്കും. അറിവ് സമ്പാദിക്കുന്നവർക്ക് ഭാവിയിൽ നേട്ടം കൊയ്ത് എടുക്കാൻ സാധിക്കും.അറിവുകൾ പരമാവധി പ്രയോഗിക്കുക പ്രയോഗിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ് .ലോകത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയാനുള്ള ആഗ്രഹം നാം വളർത്തിയെടുക്കണം. അത് വായിക്കാനുള്ള താൽപര്യം വളർത്തിയെടുക്കാൻ സഹായിക്കും.വായന നമ്മുടെ ചിന്താശേഷിയെ വർദ്ധിപ്പിക്കും .ഒരു നല്ല പുസ്തകം നല്ല വ്യക്തിയെയും ,സമൂഹത്തെയും വളർത്തിയെടുക്കുന്നു. അതുപോലെ തന്നെ നാം ഓർത്തിരിക്കേണ്ട ഒരു പ്രധാനകാര്യമാണ് നിലവാരം കുറഞ്ഞ വാരികകളോ മനസ്സിൽ മറ്റ് ചിന്തകൾ വരുത്തുന്ന ലേഖനങ്ങൾ ,പുസ്തകങ്ങൾ തുടങ്ങിയവ വായിക്കാൻ ശ്രമിക്കരുത്. നമ്മുടെ ജീവിതത്തെ അസ്വസ്ഥമാക്കുന്ന വയാണ് .ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത് കുട്ടിക്കാലത്തെ വായനയാണ് .വിദ്യാഭ്യാസ കാലഘട്ടത്തിൽ നാം വായിക്കുന്നത് എന്തും നമ്മുടെ മനസ്സിൽ സൂക്ഷിച്ചിരിക്കും . അത് മുതിർന്ന ക്ലാസ്സിലോ ജീവിതത്തിലോ പ്രയോജനപ്പെടുത്തുകയാണ് .നല്ല പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാൻ ശ്രമിക്കുക .അത് നമ്മുടെ ജീവിതത്തിൽ പ്രകാശം പകരും.

ജസ്റ്റൻ ജോൺ

## ഉരുളയ്ക്കുപ്പേരി

- വരയ്ക്കാൻ പറ്റാത്ത പ്ലാൻ — കോംപ്ലാൻ
- ചുരുക്കം പേർക്ക് കിട്ടുന്ന പെൻഷൻ — സസ്പെൻഷൻ
- കയ്യിൽ അണിയാൻ പറ്റാത്ത വള — തവള
- ഏറ്റവും വലിയ കുളം — എറണാകുളം
- അടിക്കാൻ പറ്റാത്ത വടി — കാവടി
- ഏറ്റവും വലിയ മരം — സമരം
- പേനയിൽ ഒഴിക്കാത്ത മഷി — കണ്മഷി
- തിന്നാൻ പറ്റുന്ന കാറ്റ് — കിറ്റ്കാറ്റ്
- ഏറ്റവും വലിയ ഗേറ്റ് — കോൾഗേറ്റ്
- പനിമാറ്റുന്ന മോൾ — പാരസെറ്റമോൾ
- കഴുത്തിൽ അണിയാൻ പറ്റാത്ത മാല — തിരമാല

ആതിര പി എ
IX എ



## " എൻ കലാലയത്തിൻ പടിയിറക്കം "

പടിയിറങ്ങുന്ന നൊമ്പരം ബാക്കിയാക്കി
കണ്ടിട്ടും കാണാത്ത കാഴ്ചകൾ
ബാക്കിയാക്കി സൗഹിർദത്തെ
വലയത്തിൽ ഞെരിഞ്ഞമരുന്നു
ഇന്നെൻ ഹൃദയം
കലാലയ മുറ്റമെനിക്കേകിയത്
നിറമാർന്ന കൗമാരം
ഗുരുക്കന്മാർ എനിക്കേകിയത്
ഭാവിയെന്ന അനുഗ്രഹം
കാലത്തിന്റെ കുതിച്ചു പായലിൽ
സൗഹൃദം എനിക്കന്യമായി തീർന്നിരിക്കുന്നു
കരളുരുകുന്ന വേദനയാൽ
സന്തോഷങ്ങൾ ദുഖങ്ങളായി
പെയ്തിറങ്ങിയ ദിനങ്ങൾ
പടിയിറക്കത്തിലെ അവസാന
നിമിഷത്തിലാണ് ഞാനിപ്പോ
സൗഹൃദം എന്നെ ഉറ്റുനോക്കുകയാണ്
വേനലും ശിശിരവും വർഷവും
എനിക്കേകിയത് വ്യത്യസ്ത സൗഹൃദങ്ങളാണ്
ഇന്നിതാ പുഞ്ചിരിയോടെ നടന്നകലുന്നു
ദൂരയായി ദൂരയായ് മങ്ങി മറയുന്നു



അമീന വി.സ്

IX ബി

## MY DREAMS....



Once I heard,
The voice of a famous man
“Dream......dream to success.”
Those words reached in my heart
At last I decided to see dreams,
When I saw a teacher
With a pleasant smile and kind, scolding
My mind told me, this is the way....
When I saw a doctor
With a machine to rest the frequencies
Of heart beat and caring hands,
My mind told me this is the way....
When I saw a engineer,
Who built the sky scrappers,
My mind told me this is the way....
I dream to be a teacher, doctor and
An engineer, on after the other
I watched and initated somebody to
Fulfil my dreams.
I went through books to find ways to gain
My dreams.
But when I looked into the real life,
I realized that....
My dream should be carved
in the stone of my potentialities
So that I would receive which is
called “SUCCESS”

Sandra Sathyan
XB

# പ്രളയം

ശ്രീരാമപുരം എന്ന ഗ്രാമം.അവിടെ ധാരാളം ജനങ്ങൾ താമസിക്കുന്ന സ്ഥലമാണ്.വലിയ വീടുകളും കുടിലുകളും.പക്ഷെ അവിടെ വേർതിരിവുകൾ ഉണ്ട് വലിയവർ ചെറിയവർ എന്നൊരു വേർവിരിവ്.അവിടെയാണ് എന്റെ ഈ കഥയിലെ പ്രധാന കഥാപാത്രമായ റോബിന്റെ വീട്.

അവൻ ഒരു ചെറിയ വീട്ടിൽ ആണ് താമസിക്കുന്നത്.അവന്റെ വീടിന്റെ മുൻവശത്ത് ഒരു വലിയ വീടുണ്ട് അവിടെയാണ് മനു താമസിക്കുന്നത്.മനുവിനാണെങ്കിൽ റോബിന്റെ കൂടെ കളിക്കാൻ വളരെ ഇഷ്ടമാണ്.പക്ഷെ മനുവിന്റെ മാതാപിതാക്കൾ അവനെ കളിക്കാൻ വിടില്ല.പാവപ്പെട്ടവന്റെ കൂടെ കളിച്ചാൽ നിനക്ക് അവന്റെ സ്വഭാവം കിട്ടും എന്നു പറയും.മനു English medium school-ൽ ആണ് പഠിക്കുന്നത്.എന്നാൽ റോബിൻ ഒരു സർക്കാർ സ്കൂളിലാണ് പഠിക്കുന്നത്.മനുവിനാണെങ്കിൽ ഇംഗ്ലിഷ് മീഡിയം സ്കൂളിൽ പഠിക്കാൻ ഇഷ്ടമല്ല.പക്ഷെ വീട്ടുകാരുടെ നിർബന്ധം കാരണമാണ് അവൻ അവിടെ പഠിക്കുന്നത്.അങ്ങനെയിരിക്കെ ഒരു വാർത്ത വലിയ ജലപ്രളയം വരുന്നു.എല്ലാവരും ജാഗ്രുഗരായി ഇരിക്കുക.

മനുവിന്റെ വീട്ടുകാർക്ക് വലിയ ഭയമൊന്നുമില്ലായിരുന്നു .രണ്ടുനില വീടല്ലേ എന്തിനു പേടിക്കണം .പക്ഷേ റോബിനും കുടുബത്തിനും വലിയ ഭയമായിരുന്നു .അങ്ങനെ ഒരു ദിവസം മഴ ആർത്തലച്ചു പെയ്യാൻ തുടങ്ങി .എല്ലായിടത്തും വെള്ളം കയറുമെന്ന അറിയിപ്പ് വന്നു.മനുവും കുടുംബവും എല്ലാ സാധനങ്ങളും മുകളിലത്തെ നിലയിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. റോബിനും കുടുംബവും പ്രാർഥിച്ചു കൊണ്ട് വീട്ടിൽ തന്നെ ഇരുന്നു .അങ്ങനെ ഒരുദിവസം വെള്ളം പൊങ്ങി .മനുവും കുടുംബവും രാവിലെ എഴുന്നേറ്റു നോക്കിയപ്പോൾ താഴത്തെ നില മുങ്ങി .റോബിനെയും കുടുംബത്തെയും രക്ഷപ്രവർത്തകർ സഹായിച്ചു.വെള്ളം കൂടുതൽ കൂടുതൽ ഉയരാൻ തുടങ്ങി .മനുവും കുടുംബവും സാധനങ്ങൾ ടെറസിൽ എത്തിച്ചു .ടെറസിൽ റൂഫ് ഉള്ളതിനാൽ രാസപ്രവർത്തകർക്ക് അവരെ കാണാൻ സാധിച്ചില്ല.മൂന്ന് ദിവസം അവർ അവിടെ കുടുങ്ങി കിടന്നു .നാലാം ദിവസം രക്ഷപ്രവർത്തകർ അവരെ കണ്ടെത്തി രക്ഷിച്ചു ക്യാമ്പിൽ എത്തിച്ചു .ഭക്ഷണത്തിനായി അവർ മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടൻ തുടങ്ങി. റോബിനും കുടുബവും എല്ലാവരോടും സഹകരിച്ചു അവിടെ കഴിഞ്ഞു . പതിയെ പതിയെ മനുവിന്റെ

മാതാപിതാക്കൾ എല്ലാവരോടും സഹകരിക്കാൻ തുടങ്ങി .മനുവും റോബിനും തമ്മിൽ കളിയ്ക്കാൻ തുടങ്ങി .വെള്ളപൊക്കം കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ സ്ഥിതി വളരെ ദാരുണമായിരുന്നു.ചെറിയവനും

വലിയവനും എന്ന വേർതിരിവില്ലാതെ പിന്നീട് അവർ സന്തോഷത്തോടെ മിണ്ടിയും കളിച്ചും ജീവിച്ചു.

ഗുണപാഠം

ക്രിയാവാനും വലിയവനും ദിവത്തിന്റെ ദൈവത്തിന്റെ മുമ്പിൽ സമന്മാരാണ് .അവിടെ ജാതി മത ഭേദമില്ല .വർണ്ണവിവേചനമില്ല..



സാനിയ ആൻ വര്ഗീസ്

VII ബി

## പഴഞ്ചൊല്ലുകൾ

1. അധികം വിളഞ്ഞാ വിത്തിനു കൊള്ളാം
2. അന്നൊന്നു വെട്ടുന്ന വാളിനു നെയ്യിടുക
3. അന്ന വിചാരം, മുന്ന വിചാരം, പിന്നെ വിചാരം, കാര്യ വിചാരം
4. അപായം വന്നാൽ ഉപായം വേണ്ട
5. അമിതമായാൽ അമൃതം വിഷം
6. അമ്പലം വിഴുങ്ങിക്ക് വാതിൽ പലക പപ്പടം
8. അമ്പറ്റാൽ തുമ്പറ്റും
9. അമ്മ പോറ്റിയ മകളും ഉമ്മ പോറ്റിയ മകളും കോഴിയും
10. അമ്മയെ തല്ലിയാലും രണ്ടുണ്ട് പക്ഷം
11. അമ്മയും മകളും പെണ്ണു തന്നെ
12. അപ്പം തിന്നാൽ മതി കുഴി എണ്ണണ്ട
13. പാപിചെല്ലുന്നിടം പാതാളം
14. പിച്ചയ്ക്കു വന്നവൻ അച്ചിക്ക് നായര്
15. പുത്തനച്ചി പുറപ്പുറം തൂക്കും
16. പൂച്ചക്കാരു മണികെട്ടും
17. പെൺകാര്യം വൻകാര്യം
18. തൊമ്മനു പോയാൽ തൊപ്പി പാള
19. പരിവു കരിഞ്ഞാൽ പാടും കാണും
20. പാണി പിഴച്ചാൽ കാണിക്കു ദോഷം

നിത്യ ബാബു
IX എ

# മൊഴി മുത്തുകൾ

"വിജയികളുടെ കഥകൾ വായിക്കരുത് അതിൽ നിന്നും നിങ്ങൾക്ക് സന്ദേശം മാത്രമേ ലഭിക്കുകയുള്ളൂ.പരാജിതരുടെ കഥകൾ വായിക്കുക നിങ്ങൾക്ക് വിജയിക്കാനുള്ള പ്രചോദനം ലഭിക്കും"

എ.പി.ജെ അബ്ദുൾ കലാം

"മഴപെയ്യുമ്പോൾ പക്ഷികളെല്ലാം തണൽ തേടി പോകും....
എന്നാൽ പരുന്ത് മേഘങ്ങൾക്കു മീതെ പറന്ന് മഴയെ തരണം ചെയ്യും.പ്രശ്നങ്ങൾ ഏവർക്കും ഒരുപോലെയാണ് അത് അഭിമുഖീകരിക്കുന്ന രീതിയാണ് പ്രധാനം."

എ.പി.ജെ അബ്ദുൾ കലാം

"ഗ്രാമങ്ങളാണ് ഇന്ത്യയുടെ നട്ടെല്ല് .അതിനാൽ ഗ്രാമീണരുടെ ഉന്നമനമാണ് ഭാരതത്തിന്റെ ഉന്നമനം " ഗാന്ധിജി

"ഇന്ത്യക്ക് മതമല്ല ഭാഷണമാണാവശ്യം"

സ്വാമി വിവേകാനന്ദൻ

"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് .അത് ഞാൻ നേടുകയും ചെയ്യും"

ഗോപാലകൃഷ്ണ ഗോഖലെ

"എനിക്ക് ഇനി ഒരു ജന്മമുണ്ടാകുകയാണെങ്കിൽ അത് ഈ നാട്ടിൽ തന്നെ ആകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു"

മഹാകവി ഉള്ളൂർ

"വായനയാണ് മനുഷ്യനെ പൂർണ്ണ നാക്കുന്നത് "

ഡോക്ടർ രാധാകൃഷ്ണൻ

"ഭാരതമെന്ന കേട്ടാൽ അഭിമാന
പൂരിതമാകണം അന്തരംഗം
കേരളമെന്നുകേട്ടാലോ തിളക്കണം
ചോര നമുക്ക് ഞരമ്പുകളിൽ "

വള്ളത്തോൾ

സിദ്ധാർഥ് ജയകുമാർ
IX എ

# ക്ലാസ്സ്മുറിയിലെ കുഞ്ഞിപ്രാവ്

ഗ്രാമത്തിലെ സ്കൂളിൽ രണ്ടാം ക്ലാസ്സിലാണ് കിങ്ങിണി പഠിക്കുന്നത്. സ്കൂൾ തുറക്കുന്ന ദിവസ്സം പുത്തനുടുപ്പും സ്കൂൾബാഗും പുള്ളികുടയുമൊക്കെയായി കിങ്ങിണി സ്ക്കുളിലെത്തി.

ക്ലാസ്സിലെത്തിയ കിങ്ങിണി കൂട്ടുകാരെല്ലാം ഒരിടത്തു വട്ടമിട്ടു നിൽക്കുന്നത് കണ്ടു. കിങ്ങിണി അവിടേക്കു ചെന്നു.തറയിൽ അതാ ഒരു പ്രാവിൻകുഞ്ഞ് വീണു കിടക്കുന്നു. വേനലവധിക്ക് അടച്ചിട്ട് ക്ലാസ്സ്മുറിയിൽ കൂടു കൂട്ടിയ പ്രാവിന്റെ കുഞ്ഞായിരുന്നു അത്. കുട്ടികൾ അതിനു നേരെ കടലാസ് ചുരുട്ടിയെറിയുകയും വെള്ളം തെറിപ്പിക്കുകയും ചെയ്യുന്നുണ്ട്.

"കുർർ......കുർ......." പെട്ടെന്നാണ് അമ്മപ്രാവ് അവിടേക്ക് പറന്നുവന്നത്. 'ശൂ.....ശൂ.......പോ........'കുട്ടികൾ ആർപ്പുവിളികളോടെ അമ്മപ്രാവിനെ ഓടിച്ചു വിട്ടു. അമ്മപ്രാവ് സങ്കടത്തോടെ ക്ലാസ്സ്മുറിയുടെ ചുമരിൽ ഇരിപ്പായി

അതുകണ്ട് കിങ്ങിണിക്ക് വിഷമം വന്നു. "ഈ കുഞ്ഞിപ്രാവിനെ ഉപദ്രവിക്കല്ലേ...." കിങ്ങിണി ഓടിച്ചെന്ന് കൈയിലെടുത്തു.

ബഹളം കേട്ട് ടീച്ചർ കിങ്ങിണിയുടെ കൈയിലിരുന്ന പ്രാവിൻകുഞ്ഞിനെ കണ്ടു.

"കിങ്ങിണി......പ്രാവുമായാണോ ക്ലാസ്സിൽ വരുന്നത്?" ടീച്ചർ ചോദിച്ചു.

കിങ്ങിണി ക്ലാസ്സിൽ നടന്ന കാര്യങ്ങൾ ടീച്ചറിനോട് പറഞ്ഞു.

"കുഞ്ഞുങ്ങളേ,നമ്മൾ ചുറ്റുമുള്ള ജീവജാലങ്ങളെ സ്നേഹിക്കാനാണ് ആദ്യ പഠിക്കേണ്ടത്.

നിങ്ങൾ ഈ കുഞ്ഞിപ്രാവിനെ ഉപദ്രവിച്ചത് ശരിയായില്ല."

ടീച്ചർ മറ്റുകുട്ടികളോടു പറഞ്ഞു.

ടീച്ചർ പ്രാവിൻകുഞ്ഞിനെ എടുത്ത് സുരക്ഷിതമായ ഒരു സ്ഥലത്തു വച്ചു.

അൽപ്പസമയം കഴിഞ്ഞപ്പോൾ അമ്മപ്രാവ് അവിടേക്ക് വന്നു. അതു കിങ്ങിണിയെ നന്ദിയോടെ നോക്കിയിട്ട് കുഞ്ഞിനേയും കോണ്ട് ദൂരേക്കു പോയി.




ബിച്ചു ബിജു
IX എ

## ദിക്കുകൾ നാല്

നേരേ കിഴക്കോട്ടു പോയതാര്?
കോലത്തുനാട്ടിലെ കോഴിയണ്ണൻ
നേരേ പടിഞ്ഞാട്ടു പോയതാര്?
അമ്പാട്ടു വീട്ടിലെ കോമ്പനാന
നേരെ വടക്കോട്ട് പോയതാര്?
കൊട്ടിയം കാട്ടിലെ കൊച്ചുതുമ്പി
നേരത്തേ തെക്കാട്ട് പോയതാര്?

**പാറിപ്പറക്കുന്ന ചെമ്പരുന്ത് .....................!**



**ആൽബിൻ ജോൺ**
**IX എ**

കവിത...

## കലമാൻ

മാനത്തമ്പിളിമാമന്റെ
മടിയിലിരിക്കണ കലമാനേ
ആരും കാണാതറിയാതേ
താഴത്തേക്കു വരാമോ നീ
അമ്പിളിമാമനുറങ്ങുമ്പോൾ
കമ്പിളികൊണ്ടു പുതയ്ക്കുമ്പോൾ
അറിയാതറിയാതൊരു ചാട്ടം
ഇവിടെയിരിക്കാം ഞാൻ മാത്രം!
പാലും പഴവും തരുമല്ലോ
പാടിയുറക്കാൻ വരുമല്ലോ
നിനക്കു വേണോ കലമാനേ
കറുകത്തുമ്പും പുൽനാമ്പും?



അനിരുദ്ധ്
IX എ

കഥ...

## ബുദ്ധിമാനായ ബീർബൽ

മഹാനായ അക്ബർ ചക്രവർത്തി ഒരിക്കൽ തന്റെ രസികനായ മന്ത്രി ബീർബലിന്റെ ബുദ്ധിശക്തി ഒന്ന് പരീക്ഷിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹം ബീർബലിനെ വിളിച്ചു വരുത്തിയിട്ടു ചോദിച്ചു:

"മന്ത്രി ബീർബൽ,ഡൽഹിയിലെ എത്ര കാക്കകളുണ്ടെന്ന് കൃത്യമായി പറയാമോ?'

അക്ബറിന്റെ ചോദ്യം കേട്ട് ബീർബലിന് ഉള്ളിൽ ചിരി വന്നു എങ്കിലും അയാളുടെ നാവിൻ തുമ്പിൽ നിന്ന് ചോദ്യത്തിനുള്ള ഉത്തരം പെട്ടന്ന് അടർന്ന് വീണു.

തിരുമേനി,ഡൽഹിയിൽ മോത്തം അറുപതിനായിരത്തി അഞ്ഞൂറ്റി അമ്പത്തിരണ്ട് കാക്കകളുണ്ട്.

ബീർബലിന്റെ കൃത്യമായി ഉത്തരം കേട്ട് ചക്രവർത്തി ആദ്യമോന്ന് പകച്ചു. പിന്നെ ചോദിച്ചു; ഈ കണക്ക് കൃത്യമല്ലാതെ വന്നാലോ?

അങ്ങനെ വന്നാൽ അതിന് കാരണമുണ്ട്. കാക്കകളുടെ എണ്ണം കൂടുതലായി കാണുന്നെങ്കിൽ ഇവിടെയുള്ള കാക്കളുടെ ബന്ധുക്കൾ മറ്റു സ്ഥലങ്ങളിൽ നിന്ന് വിരുന്നു വന്നിട്ടുണ്ടങ്കിൽ ഇവിടെയുള്ള കാക്കളിൽ പലരും

അകലെയുള്ള ബന്ധുക്കളുടെ വീട്ടിലേക്ക് വിരിന്നു പോയിട്ടുണ്ടായിരിക്കും. ബീർബൽ യാതൊരു സംശയവും കൂടാതെ തട്ടിവിട്ടു

ബിദ്ധിമാനും കർമ്മരസ്സികനുംമായ ബീർബലിനെ അക്ബർ ചക്രവർത്തി സന്തോഷം കെട്ടിപ്പുണർന്നു.




**അനന്ദു കുമാർ**

**IX എ**

## ഗാന്ധിവചനങ്ങൾ

- അഹങ്കാരം അജ്ഞാനിയുടെ ലക്ഷണമാണ്



- അഹിംസകൊട്ടു വേര് നനച്ചുകൊണ്ടിരുന്നില്ലെങ്കിൽ സത്യത്തിന്റെ ചെടി വളർന്നു കാണ്ടില്ല

- സ്വന്തമായി ആർജിച്ച അറിവിനോളം ആത്മസംതൃപ്തി നൽകുന്ന മറ്റൊന്നില്ല

- വെള്ളിയുടെയും സ്വർണത്തിന്റെയും തുട്ടുകളല്ല ,ആരോഗ്യമാണ് യഥാർത്ഥ സമ്പത്ത്

- സത്യം പറയുന്ന ഞാൻ ഒറ്റക്കാവാം എന്നാൽ മറ്റു ശബ്ദങ്ങൾ തളരുമ്പോൾ എന്റെ ശബ്ദം കേൾക്കാതിരിക്കില്ല

- പണമില്ലാത്തവനല്ല സ്വപ്നങ്ങൾ ഇല്ലാത്തവനാണ് ദരിദ്രൻ .



അദ്വൈത് പി സന്തോഷ്
IX എ

## ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരാൾ അയാളുടെ

കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ

ഒരു വെണ്ണക്കൽരൂപം കിഴിച്ചെടുത്തു.

സുന്ദരവസ്തുക്കളെ സ്നേഹിക്കുകയും അവ

ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ

അടുത്തേക്ക് അ മനുഷൻ അതുമായി ചെന്നു.ആ മനുഷൻ രൂപത്തെ ഒരു

വലിയ തുകയ്ക്ക് വിറ്റു.

പണവുമുയി വീട്ടിലേക്കു വരികയായിരുന്നു

അപ്പോഴാണ് ആ മനുഷൻ ചിന്തിക്കാൻ തുട

ങ്ങിയത്.ഈ പണം എന്തു മാത്രം

ജീവിതസൗകര്യങ്ങളാണ് നൽകുന്നത്

അവഗണിക്കപ്പെട്ട് ആയിരത്തോളം വർ

ഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകി

ടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു

പകരമായി ഒത്തിരിപണം നൽകി ഏതു

വിഡ്ഢി വിലക്കുവാങ്ങും?

അയാളുടെ കൈക്കലെത്തിച്ചേർന്ന രൂപ

ത്തിലേക്കു നോക്കി ചിന്തിക്കുകയായിരു

ന്നു എന്തൊരു  സൗന്ദര്യം എന്തൊരു ജീവ

പ്രകാശം ആയിരം വർഷങ്ങളുടെ നിർമ്മ

ലമധുരമായ നിദ്രക്കുശേഷം കൈകളി

ലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിൻറ്

സ്വപ്നമാണ് മൂതവും സ്വപ്നരഹിതമായ

പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കും തോന്നും?



രാഹുൽ രവി  IX എ

## കഥ...



### ചുണ്ടെലിയുടെ ഉപകാരം

ഒരു ചുണ്ടെലി അബദ്ധത്തിൽ മൃഗരാജാവായ സിംഹത്തിന്റെ പുറത്തു വീഴുന്നതിനിടയായി. സിംഹമാകട്ടെ പള്ളിവേട്ട കഴിഞ്ഞു പള്ളിയുറക്കത്തിലായിരുന്നു. ഉറക്കമുണർന്ന സിംഹം കോപംകൊണ്ട് ജ്വലിച്ചു. 'ഏതു ധിക്കാരിയാണ് എന്റെ പള്ളിയുറക്കത്തിനു ഭംഗം വരുത്തിയത് '. സിംഹം ചുണ്ടെലിയെ കൈയിലെടുത്തു. ചുണ്ടെലി ആലിലപോലെ വിറച്ചു. പ്രഭോ, ദയവായി എന്നെ കൊല്ലരുത്. അങ്ങേയ്ക്ക് ഞാൻ തീർച്ചയായും പ്രത്യുപകാരം ചെയ്യാം. എന്നെ ഒന്നു വിട്ടയയ്ക്കൂ. ചുണ്ടെലി കേണു.

സിംഹത്തിനു ചിരിയടക്കാൻ കഴിഞ്ഞില്ല. 'നിന്നെപ്പോലുള്ള ഒരു കടുക്കയുടെ പ്രത്യുപകാരം മേടിക്കാൻവണ്ണം നാം താഴുകയോ?ഒരിക്കലുമില്ല'.എന്നിട്ടു ഗൗരവത്തിൽ മൃഗരാജവ് പറഞ്ഞു."പക്ഷേ തത്ക്കാലം നിന്നെ ഞാൻ വിട്ടയയ്ക്കുന്നു.ഉപകാരമൊക്കെ തന്നത്താൻ ആയാൽ മതി."സിംഹം ചുണ്ടെലിയെ വിട്ടയച്ചു.ചുണ്ടെലിക്കു സന്തോഷമായി.കുറേദിവസം കഴിഞ്ഞ് വേട്ടയ്ക്കിറങ്ങിയ സിംഹം ആകസ്മികമായി ഒരു വലയിലകപ്പെട്ടു.രക്ഷപ്പെടാനുള്ള ശ്രമം വലയിൽ കൂടുതൽ കുടുങ്ങാനേ ഉതകിയുള്ളൂ.കാട് കുലുങ്ങും വിധം സിംഹം അലറി.പക്ഷിമൃഗാദികളെല്ലാം വിറച്ചു.സിംഹത്തെ രക്ഷിക്കുവാൻ ആർക്കും സാധിച്ചില്ല.

അപ്പോഴാണ് ചുണ്ടെലി ആ വഴിക്ക് വന്നത്.സിംഹത്തിന്റെ അടുത്ത് അവനെത്തി.വലയുടെ ചരടുകൾ ഒരോന്നായി അവൻ കടിച്ചുമുറിച്ചു.നിമിഷങ്ങൾക്കകം സിംഹം വലയിൽനിന്നും രക്ഷപ്പെട്ടു.ചുണ്ടെലി പറഞ്ഞു:പ്രഭോ,ഞാനിന്നു ധന്യനായി.





നിത്യ ബാബു
IX എ

## വിദ്യ ധനം സർവ്വ ധനങ്ങളിലും പ്രധാനമാണ്

- വിദ്യാധനം ചോരന്മാർക്ക് മോഷ്ടിച്ച് കൊണ്ടുപോകാൻ കഴിയില്ല
- വിദ്യാധനംമറ്റുള്ളവർക്ക് എത്ര മാത്രം വീതിച്ചു കൊടുത്താലും അത് കുറഞ്ഞുപോകില്ല
- വിദ്യാധനം എത്ര മാത്രം കൂടുതലായാലും അതിൻമേൽ സർക്കാരിന് നികുതി ചുമത്താൻ കഴിയില്ല
- വിദ്യാധനം ഉപയോഗിച്ചു മറ്റെല്ലാ ധനങ്ങളും നേടാവുന്നതാണ് .

ഇപ്രകാരമുള്ള ധന മാണ് നാം സമ്പാദിക്കേണ്ടത് .



അദ്വൈത് കെ സുനിൽ
IX ബി

# PROVERBS.....



**Kiran**

**IX A**

* If you would have peace,prepare for war.

* The child is father of the man
* Slow and steady wins the race.
* A stitch in time saves nine.
* All that glitters is not gold.
* A sound mind in a sound body.
* Work is worship.
* The early bird catches the worm.
* Better rare than never.
* Cleanliness is next to Godliness.
* Union is strength.

* Knowledge is power.

* Laughter is the best medicine.
* An empty vessel makes much voice.
* Time and tide waits for none.
* Preventation is better than cure.
* The knowledge of god is the beginning of wisdom.
* Example is better than precept.
* Necessity is the mother of invention.
* With God, I am hero; without him, I am Zero.

നറുങ്ങറിവുകൾ ......

## ജൂലൈ 21 ന് ചാന്ദ്ര ദിനം.

- 2008 ഒക്ടോബർ 22 നാണ് ചന്ദ്രയാൻ-1 കുതിച്ചുയർന്നത്. ചന്ദ്രയാൻ-1 ൽ തുടങ്ങിയ ഇന്ത്യയുടെ സ്പേസ് ഒഡീസ്സി ഇനി ചന്ദ്രയാൻ-2 ലൂടെ തുടരും.റോബോട്ടുകളെക്കൂടി ഉൾപ്പെടുത്തിയുള്ള പര്യവേക്ഷണമാണ് ചന്ദ്രയാൻ-2 ൽ ഉണ്ടാകുക.

- ചന്ദ്രനെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയാണ് സെലനോളജി.

- മനുഷ്യനെ ചന്ദ്രനിൽ ഇറക്കാൻ ഇന്ത്യയ്ക്കുമുണ്ട് പദ്ധതി.ചാന്ദ്രനിൽ ഇന്ത്യ സ്ഥാപിക്കാൻ പോവുന്ന വാസസ്ഥലത്തിന് ഐഎസ്ആർഒ ഒരുപേരും നിർദ്ദേശിച്ചിട്ടുണ്ട്-ചാന്ദ്രവിഹാർ.

- ഒരു മാസത്തിനിടെ രണ്ടു പൂർണ്ണചന്ദ്രനിൽ ഒന്നിനെ വിളിക്കുന്ന പേരാണ് ബ്ലൂ മൂൺ.

- ചന്ദ്രോപരിതലത്തിലെ മണ്ണ് റിഗോലിത്ത്.
  പുലരി സന്തോഷമാണെന്റെ ലോകം പൂക്കളാൽ നിറയും സുഗന്ധം ഞാൻ അറിയുന്നു കാറ്റിൽ ഇളകുന്ന ഇലകളുടെ മർമ്മര ശബ്ദം ൺ ഞാൻ കേൾക്കുന്നു കിളികൾ പാടുന്ന മധുര മനോഹരമായ പാട്ട് ഞാൻ കേൾക്കുന്നു പ്രഭാത സൂര്യൻ എന്നെ ഉണർത്തുന്നു പുലരിയിൽ തളിരിലകളിൽ വീഴുന്ന മഞ്ഞികണം പ്രഭാതത്തിൽ എൻ മനം കുളിരുന്നു എത്ര വർണ്ണിച്ചാലും മതിയാവാത്ത എത്രയോ സ്നേഹ സുന്ദരി എൻ പുലരി എൻ പ്രകൃതിയെ ഞാൻ സ്നേഹിക്കുന്നു.

- വായുമണ്ഡലമില്ലാത്തതുകൊണ്ട് ഭൂമിയിലേതുപോലെ സംസാരിക്കുന്നത് കേൾക്കാനും സാധിക്കില്ല.

- ഭൂമിയിൽ ഒരു വസ്തുവിന് അനുഭവപ്പെടുന്ന ഭാരത്തിന്റെ ആറിലൊന്നു മാത്രമേ ചന്ദ്രനിൽ അനുഭവപ്പെടൂ.

വിനീഷ് വിനോദ് IX ബി



**കവിത....**

## അമ്മമ്മ പകർന്ന ചൊല്ലുകൾ

അമ്മയില്ലാത്ത കുഞ്ഞിന് അമ്മിഉമ്പത്ത്
പെറ്റമ്മയ്ക്ക് ഇല്ലാത്തത് പോറ്റിയ മുത്തശ്ശിക്ക്
അടയ്ക്ക ചകിരി  കയർ ആവുല്ല
അരി ഉണ്ടെങ്കിൽ എലി കാട്ടിൽ നിന്നും വരും
ഈരെടുത്താൽ  പേൻ  കൂലി
കടപ്പുറം കിടക്കുമ്പോൾ കാൽക്കീഴിൽ കിടക്കണം
ആരാൻറെ നെല്ലിൽ പൈക്കളെ കണ്ടപോലെ
മേൽക്കുരയുള്ളവനേ തീ പേടിയുള്ളൂ
കുന്നിനും കുഞ്ഞിനും കുളിരിതീ ല്ല

ക്രുതിയ ക്രിപേഷ്
**5 B**

## ഫ്രീ സോഫ്റ്റ് വെയറിന്റെ പ്രാധാന്യവും പ്രസക്തിയും

കമ്പ്യൂട്ടറിന്റെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സിസ്റ്റം സോഫ്റ്റ് വെയർ അണ് ഓപ്പറേറ്റിങ് സിസ്റ്റം (ഒ.എസ്) എന്നറിയപ്പെടുന്നത്. ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ ധർമ്മങ്ങൾ താഴെ പറയുന്നവയാണ്.കമ്പ്യൂട്ടറിന്റെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക, വിവിധ അനുബന്ധ ഉപകരണങ്ങളായ പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയവയെ നിയന്ത്രിക്കാനും പ്രവർത്തിക്കാനും കഴിയുന്നു. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള വിവരവിനിമയ സൗകര്യങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്നു. ഒട്ടേറെ തരത്തിലുള്ള ഓപ്പറേറ്റിങ് സിസ്റ്റങ്ങൾ കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്നുണ്ട്.ഓപ്പറേറ്റിംഗ് സിസ്റ്റം ഒരു സിസ്റ്റം സോഫ്റ്റ്വെയറാണ് ഇത് പ്രാധാനമായും രണ്ടുതരത്തിലാണുള്ളത്.പണം കൊടുത്ത് വാങ്ങി ഉപയോഗിക്കാവുന്ന ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്വെയറുകൾ ഉദാഹരണം,മൈക്രോസോഫ്റ്റിന്റെ വിൻഡോസ്.സൗജന്യമായി ലഭിക്കുന്ന സോഫ്റ്റ്വെയറുകളാണ് സ്വതന്ത്ര സോഫ്റ്റ്വെയറുകൾ. സ്വതന്ത്ര സോഫ്റ്റ്വെയറുകളായ ഒപ്പറേറ്റിംഗ് സിസ്റ്റങ്ങളാണ് സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ.ഉദാഹരണം-ഗ്നു,ഓപ്പൺ ബി.എസ്.സി തുടങ്ങി നിരവധി സ്വതന്ത്ര സോഫ്റ്റ്വെയറുകൾ ഇന്ന് ലഭ്യമാണ്.

ഇന്ന് കൂടുതലായി ഉപയോഗിച്ചുവരുന്ന ഒരു സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഗ്നു.**1983**-ൽ റിച്ചാർഡ് സ്റ്റാൾമാൻ തുടക്കം കുറിച്ച ഗ്നു പ്രൊജക്റ്റ് വികസിപ്പിച്ചെടുത്ത പ്രോഗ്രാമുകളും **1994**-ൽ ലിനസ് ടോർവാൾഡ്സ് വികസിപ്പിച്ചെടുത്ത ലിനക്സ് എന്ന അടിസ്ഥാന പ്രോഗ്രാമും ചേർത്താണ് ഈ സോഫ്റ്റ്വെയർ തയാറാക്കിയത്.ഗ്നു പ്രോജക്റ്റിന്റെ ഭാഗങ്ങളും ലിനക്സ് കെർണലും ചേർന്നാണ് ഇതുണ്ടായത്.എന്നതു കൊണ്ട് ഇതിനെ ഗ്നു എന്നു വിളിക്കുന്നു**.**



**ആൽബിൻ ജോസഫ്**
**IX എ**

## നന്ദി...

പങ്കുവയ്ക്കലാണ് ബന്ധങ്ങളുടെ ആധാരശില . ഈ ആധുനിക യുഗത്തിൽ ഡിജിറ്റിൽ രൂപത്തിൽ ആഹ്ലാദ വിഷാദങ്ങളും അറിവും വിനോദവുമൊക്കെയാണ് ഞങ്ങൾ ഇവിടെകൈമാറിയത്. ഓരോ പങ്കുവെയ്ക്കലിലും പറഞ്ഞില്ലെങ്കിലും നന്ദി എന്ന വാക്ക് സ്വയം അലിഞ്ഞിട്ടുണ്ട്. ഈ സ്വപ്നം സാക്ഷാത്കരിക്കാൻ ഞങ്ങൾക്ക് താങ്ങായി നിന്ന ബിന്ദു ടിച്ചറിനും, രേഖ ടിച്ചറിനും സർവോപരി ഞങ്ങൾക്ക് ആവശ്യമായ എല്ലാ പരിശിലനവും നിർദ്ദേശവും സഹായവും തന്ന ബഹുമാനപ്പെട്ട ജയേഷ് സാറിനും വെൺകുറിഞ്ഞി എസ് എൻ ഡി പി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെയും നന്ദി.. നന്ദി.

ലിറ്റിൽ കൈറ്റ് അംഗങ്ങൾ...